# സാക്ഷ്യപത്രം

എം.ജി. സർവ്വകലാശാലയിൽ എം.എ. ചരിത്ര ബിരുദാനന്തര ബിരുദത്തിനായി സമർപ്പിക്കുന്ന “കെ. കരുണാകരനും കേരള രാഷ്ട്രീയവും: ഒരു പഠനം” എന്ന ഈ പ്രബന്ധം എന്റെ മേൽനോട്ടവും നിർദ്ദേശവും അനുസരിച്ച് ഉമ്മുഫസില.ഒ.എ. നിർവ്വഹിച്ച ഗവേഷണ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

**ലിജി.കെ. തോംസൺ**
സൂപ്പർവൈസിംഗ് ടീച്ചർ
പോസ്റ്റ് ഗ്രാജുവേറ്റ്
ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി
ഹെൻറി ബേക്കർ കോളേജ്
മേലുകാവ്

**ഡോ. ബീനാ പോൾ**
ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ്
ഓഫ് ഹിസ്റ്ററി
ഹെൻറി ബേക്കർ കോളേജ്
മേലുകാവ്

# പ്രസ്താവന

"കെ. കരുണാകരനും കേരള രാഷ്ട്രീയവും: ഒരു പഠനം" എന്ന ഈ പ്രബന്ധം ഇതിനു മുമ്പ് ബിരുദത്തിനോ, ഫെലോഷിപ്പിനോ അതുപോലുള്ള മറ്റേതെങ്കിലും അംഗീകാരത്തിനോ വേണ്ടി എഴുതിയതല്ല എന്ന് ഇതിനാൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഉമ്മുഫസില.ഒ.എ**
എം.എ. ചരിത്രവിഭാഗം
ഹെൻറി ബേക്കർ കോളേജ്
മേലുകാവ്

## കൃതജ്ഞത

ആദ്യമായി ഈ പ്രബന്ധം തയ്യാറാക്കാൻ സഹായിച്ച സർവ്വശക്തനായ ദൈവത്തിനു നന്ദി അർപ്പിക്കുന്നു.

ഈ പ്രബന്ധം ചെയ്യുവാനായി എന്നെ സഹായിച്ച സൂപ്പർവൈസിംങ് ടീച്ചർ ലിജി കെ. തോംസൺ മിസ്സിനും ചരിത്രവിഭാഗം മേധാവി ഡോ. ബീനാപോൾ മിസ്സിനോടുമുള്ള നിസീമമായ നന്ദി അർപ്പിക്കുന്നു.

ഈ പ്രബന്ധത്തിന്റെ ആദ്യാന്തത്തോളം എനിക്ക് വളരെയേറെ സഹായകമായിത്തീർന്ന ചരിത്രവിഭാഗം അദ്ധ്യാപകൻ ഡോ. ജിബിൻ മാത്യു സാർ, എനിക്ക് പ്രചോദനം നൽകിയ എന്റെ മാതാപിതാക്കൾ, സഹോദരങ്ങൾ എന്നിവരോടും ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നു.

**ഉമ്മഫലിസ.ഒ.എ**

എം.എ. ചരിത്രം

# കെ. കരുണാകരനും കേരള രാഷ്ട്രീയവും:
# ഒരു പഠനം

എം.ജി. സർവ്വകലാശാലയിൽ
ചരിത്ര ബിരുദാനന്തര ബിരുദത്തിന്റെ
ഭാഗമായി സമർപ്പിക്കുന്ന പ്രബന്ധം

ഉമ്മുഫലിസ.ഒ.എ

രജി. നമ്പർ : 190011005451

ചരിത്ര വിഭാഗം

ഹെൻറി ബേക്കർ കോളേജ്, മേലുകാവ് 2021

# ആമുഖം

ഇന്ത്യയുടെ രാഷ്ട്രീയ വികസനചരിത്രത്തോടൊപ്പം, ദീർഘകാലം സഞ്ചരിച്ച ഒരു ധിഷണാശാലിയായ പൊതുപ്രവർത്തകൻ, കേരള രാഷ്ട്രീയത്തിലെ അതികായ രിൽ പ്രമുഖനും മുൻ മുഖ്യമന്ത്രിയുമായ കണ്ണോത്ത് കരുണാകരൻ എന്ന ബഹു. കെ. കരുണാകരന്റെ രാഷ്ട്രീയ ജീവിതത്തിലെ ആദ്യ ഘട്ടങ്ങളാണ് ഇവിടെ പഠന വിധേയമാക്കുന്നത്. ജന്മംകൊണ്ട് ജന്മിയും, കർമ്മം കൊണ്ട് തൊഴിലാളി യൂണി യൻ നേതാവുമായ ജീവിത ഗതി ആണ് ഇവിടെ വിശകലനം ചെയ്യുന്നത്.

1949 ജൂലൈ 1-ന് തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടുരാജ്യങ്ങൾ ചേർന്ന് തിരു-കൊച്ചി സംസ്ഥാനം രൂപവൽക്കരിച്ചു. ബ്രിട്ടീഷ് ഭരണത്തിനു കീഴിൽ മദ്രാസ് സംസ്ഥാനത്തെ ഒരു ജില്ലയായിരുന്ന മലബാർ പിന്നീട് തിരു-കൊച്ചിയോടു ചേർന്ന തോടെ 1956 നവംബർ ഒന്നിന് ഇന്നത്തെ കേരള സംസ്ഥാനം നിലവിൽ വന്നു. കേരളത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ അല്ലെങ്കിൽ കേരളത്തിന്റെ സാമൂ ഹിക-സാംസ്കാരിക വികസന പാരമ്പര്യങ്ങളെക്കുറിച്ച് പറയുമ്പോൾ അതിൽ എടുത്ത് പറയേണ്ട ഒന്നാണ് കേരളരാഷ്ട്രീയം.

കേരളത്തിന്റെ വളർച്ചയുടെ നിർണ്ണായക ഘട്ടങ്ങളിൽ മറ്റുപല രാഷ്ട്രീയ പാർട്ടികളേക്കാൾ എടുത്തുപറയേണ്ട സ്ഥാനം വഹിക്കുന്നത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ഘട്ടത്തോടെ രൂപംകൊണ്ട ഇന്ത്യൻ നാഷണൽ കോൺഗ്ര സ്സിനെയാണ്. അതുപോലെ തന്നെ കേരള വികസന ചരിത്രം പരിശോധിച്ചാൽ എടുത്തു പറയേണ്ട രാഷ്ട്രീയ നേതാവ് ഉണ്ടെങ്കിൽ അത് ശ്രീ. കെ. കരുണാക രന്റെ പേര് ആണ്. കേരളത്തിന്റെ രാഷ്ട്രീയ പാരമ്പര്യം മറ്റു പല സംസ്ഥാന ത്തിന്റെ രാഷ്ട്രീയ പാരമ്പര്യത്തിൽ നിന്നും വ്യത്യസ്തമാണ്. വർഗ്ഗനിരപേക്ഷത യിലും സഹിഷ്ണുതയിലും വിശ്വസിച്ചുപോന്ന ചിന്താഗതി കേരളീയരിൽ വളർന്നുവന്നതിനും കാരണമായത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രവർത്ത നമാണ്.

കേരളത്തിലെ എല്ലാ മതസ്ഥരിലും കെ. കരുണാകരന് ഒരുപോലെ സ്വാധീനം ചെലുത്താനും മറ്റു രാഷ്ട്രീയ പാർട്ടി നേതാക്കളിൽ നിന്നും വ്യത്യ സ്തമായി ഒരു മതേതരത്വ നിലപാട് കാത്തുസൂക്ഷിക്കാനും സാധിച്ചിരുന്നു. എന്നാൽ ഇന്നാകട്ടെ കേരളത്തിന്റെ മണ്ണിൽ വർഗ്ഗീയ വിഷവിത്ത് പാകുന്നതും ന്യൂനപക്ഷങ്ങൾക്ക് എതിരെ വർഗീയത ഉന്നയിച്ചും വർഗ്ഗീയ വാദികൾ എന്ന് മുദ്ര കുത്തുന്നതും രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ തക്കം കാത്തുനിൽക്കുന്ന

രാഷ്ട്രീയ പാർട്ടികൾ തന്നെ. അതുകൊണ്ട് മതേതരത്വവും സഹിഷ്ണുതയും വെച്ചുപുലർത്തിയ നേതാവ് എന്ന നിലയിൽ കെ. കരുണാകരന്റെ രാഷ്ട്രീയ ചരിത്രം ഇനിവരുന്ന രാഷ്ട്രീയ വിദ്യാർത്ഥികൾ അറിഞ്ഞിരിക്കേണ്ടതാണ്. 'കെ. കരുണാകരനും കേരള രാഷ്ട്രീയവും' എന്ന പ്രബന്ധത്തിലൂടെ അരനൂറ്റാണ്ടു കാലം കേരളീയ ജീവിതത്തിന്റെ അഭിവാജ്യഘടകമായിരുന്ന കണ്ണോത്ത് കരുണാകരൻ മാരാർ എന് കെ. കരുണാകരൻ ഒരു സാധാരണ പ്രവർത്തകൻ എന്ന നിലയിൽ നിന്നും കേരള രാഷ്ട്രീയത്തിന്റെ അഭിവാജ്യ ഘടകമായി തീർന്ന ചരിത്ര പഠനമാണ് ഈ ഗവേഷണത്തിലൂടെ നടത്തിയിരിക്കുന്നത്.

### പഠന പ്രസക്തി

കേരളത്തിന്റെ നാനാ മേഖലകളെക്കുറിച്ചും കേരള രാഷ്ട്രീയത്തിലെ പ്രമുഖ നേതാക്കളെക്കുറിച്ചും വ്യത്യസ്ത പഠനങ്ങൾ നടന്നിട്ടുണ്ട്. എങ്കിൽപോലും കേരളത്തിൽ ഏറ്റവും കൂടുതൽ വികസനങ്ങൾ സൃഷ്ടിക്കുകയും സംഘാടക മികവുകൊണ്ട് കേരള രാഷ്ട്രീയത്തിൽ കോൺഗ്രസ് എന്ന വാക്കിന് പര്യായമായി മാറിയ കെ. കരുണാകരൻ എന്ന ഭരണാധികാരി ഒരു സാധാരണ രാഷ്ട്രീയ പ്രവർത്തകൻ നേതൃനിരയിലേക്ക് കടന്നു വന്നതിനെക്കുറിച്ച് പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും വിരളമാണ്. അദ്ദേഹത്തിന്റെ രാഷ്ട്രീയ ആകമാനത്തെക്കുറിച്ചും ഒരു രാഷ്ട്രീയ നേതാവ് എന്ന നിലയിൽ ജനങ്ങളിൽ ഉണ്ടായിരുന്ന ജനസ്വാധീനവും അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതത്തിൽ എത്രത്തോളം സഹായകമായിട്ടുണ്ട് എന്ന് പഠിക്കേണ്ടതുണ്ട്. അതുപോലെ കേരള വികസനത്തിന് കെ. കരുണാകരൻ വഹിച്ച പങ്കിനെക്കുറിച്ചും ഒരു പഠനം വരുന്നത് കേരള രാഷ്ട്രീയ ചരിത്രത്തിന് മുതൽകൂട്ടായിരിക്കും. അതുകൊണ്ടുതന്നെ കെ. കരുണാകരനും കേരള രാഷ്ട്രീയവും എന്ന പഠനത്തിന് പ്രസക്തിയേറുന്നു.

### പഠന ലക്ഷ്യങ്ങൾ

1. കണ്ണൂരിൽ ജനിച്ചുവളർന്ന കരുണാകരന് തൃശൂർ എങ്ങനെയാണ് കർമ്മമണ്ഡലം ആയി മാറിയത് എന്ന് അറിയുവാൻ.
2. കെ. കരുണാകരന്റെ ജനസ്വാധീനം അദ്ദേഹത്തിന്റെ രാഷ്ട്രീയ വളർച്ചയിൽ എത്രത്തോളം പിന്തുണ നൽകി എന്ന് മനസ്സിലാക്കുവാൻ.
3. കെ. കരുണാകരന്റെ മതേതരത്വ നിലപാട് ഏതു വിധത്തിൽ ഉള്ളത് ആയിരുന്നു എന്ന് മനസ്സിലാക്കുവാൻ.
4. കെ. കരുണാകരന്റെ വികസന പദ്ധതികൾ കേരളത്തിന്റെ വളർച്ചയിൽ വഹിച്ച പങ്ക് മനസ്സിലാക്കുവാൻ.

**ഗ്രന്ഥ പരിചയം**

മുൻ മുഖ്യമന്ത്രി കെ. കരുണാകരന്റെ രാഷ്ട്രീയ ജീവിതം പഠനവിധേയ മാക്കി കൊണ്ട് അദ്ദേഹത്തിന്റെ രാഷ്ട്രീയ നിലപാടുകളും കേരള വികസനവും പഠിക്കുകയാണിവിടെ ചെയ്തിരിക്കുന്നത്. ഇതിനെ ആസ്പദമാക്കി കൊണ്ടുള്ള ആധികാരികമായ പഠനങ്ങൾ വിരളമാണ്. എന്നാൽ ഗവൺമെന്റിന്റെ ഔദ്യോ ഗിക റിപ്പോർട്ടിൽ നിന്നും ചില പഠനങ്ങളിലും ഇതിനെക്കുറിച്ച് പരാമർശിക്കുന്നു ണ്ട്. പ്രൈമറി രേഖയായ കേരള നിയമസഭാ നടപടികൾ പന്ത്രണ്ടാം കേരള നിയ മസഭ ഔദ്യോഗിക റിപ്പോർട്ടിൽ ചരമോപചാരമായി മുൻ മുഖ്യമന്ത്രി കെ. കരു ണാകരന്റെ നിര്യാണം സംബന്ധിച്ചുള്ള റഫറൻസ് ലഭിക്കുന്നുണ്ട്. അതുപോലെ “Kerala Archives Kerala Legislative Assembly” ‘അടിയന്തിര പ്രമേയ’ ത്തിൽ നിന്നും വിവരങ്ങൾ മനസ്സിലാക്കാൻ സാധിച്ചു.

കെ. കരുണാകരന്റെ പതറാതെ മുന്നോട്ട് ആത്മകഥ എന്ന ഗ്രന്ഥത്തിൽ അദ്ദേഹത്തിന്റെ ജീവിതവും രാഷ്ട്രീയവും കേരള വികസനങ്ങളെയും കോൺഗ്രസ് രാഷ്ട്രീയത്തിലെ വിവിധ ഭാവങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നു. കേരള രാഷ്ട്രീയത്തിലെ അഭിവാജ്യനായ കെ. കരുണാകരന്റെ ജീവിതയാത്ര വ്യ ക്തമാക്കുന്ന പുസ്തകമാണിത്.

24 ഡിസംബർ 2010-ലെ മാതൃഭൂമി, മാധ്യമം, വീക്ഷണം, മലയാള മനോരമ, ദേശാഭിമാനി ദിനപത്രങ്ങളിൽ കെ. കരുണാകരന്റെ വികസന നടപടികളും അതു പോലെ അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതവും പരാമർശിക്കുന്നു.

ജോളി ജോസഫിന്റെ ദ ചാണക്യ ഓഫ് കേരള എന്ന ജീവചരിത്ര ഗ്രന്ഥ ത്തിൽ നിന്നും നയതന്ത്രജ്ഞനും കൗശലക്കാരനുമായി രാഷ്ട്രീയ നീക്കങ്ങൾ നടത്തിയ കെ. കരുണാകരനെക്കുറിച്ച് പ്രതിപാദിക്കുന്നു.

**രീതി ശാസ്ത്രം**

വിവരണാത്മകമായ ഒരു ചരിത്ര അവലോകനമാണ് ഈ പഠനം. ഈ പ്രബന്ധ രചനയ്ക്ക് പ്രാഥമിക ഉറവിടങ്ങളും ദ്വിതീയ ഉറവിടങ്ങളും ഉപയോഗിച്ചിട്ടുണ്ട്. പത്രങ്ങളും മാസികകളും ഗ്രന്ഥങ്ങളും ഈ രചനയ്ക്ക് സഹായകരമായിട്ടുണ്ട്.

ഈ സ്ത്രോതസ്സുകൾ വഴി കെ. കരുണാകരന്റെ ചരിത്രം സാമൂഹിക-രാ ഷ്ട്രീയ ജീവിതത്തെക്കുറിച്ചും കേരള വികസന നടപടികളെക്കുറിച്ചും മനസ്സിലാ ക്കാനും അതുവഴി പഠനം നടത്താനും സാധിച്ചു. പ്രാഥമിക സ്ത്രോതസ്സായ ഗവൺമെന്റ് ഡോക്യുമെന്റ് വിനിയോഗിക്കുകയും ചെയ്തു.

ദ്വിതീയ വിവരങ്ങൾക്കായി ഗ്രന്ഥങ്ങളെയാണ് പ്രധാനമായും മുൻനിർത്തിയത്. ഇവയുടെ സഹായത്തോടെ കെ. കരുണാകരന്റെ രാഷ്ട്രീയ തീരുമാനങ്ങളും ജീവിതവും ഭരണത്തിൽ ഇരിക്കെ അദ്ദേഹം നടപ്പാക്കിയ പദ്ധതികളെക്കുറിച്ചും കോൺഗ്രസ്സിന്റെ വളർച്ചയെക്കുറിച്ചും വിശദമായ പഠനം നടത്താൻ സാധിച്ചു.

**പഠന പദ്ധതി**

'കെ.കരുണാകരനും കേരള രാഷ്ട്രീയവും: ഒരു പഠനം' എന്ന ഈ പ്രബന്ധം പ്രധാനമായും ആമുഖം, ഉപസംഹാരം കൂടാതെ മൂന്ന് അദ്ധ്യായങ്ങളായി തരംതിരിച്ചിരിക്കുന്നു. ആമുഖത്തിൽ പഠന ലക്ഷ്യങ്ങൾ, ഗ്രന്ഥപരിചയം, പഠനത്തിന്റെ പ്രസക്തി, പഠന പദ്ധതി എന്നിവ വിശദീകരിക്കുന്നു.

ഒന്നാമത്തെ അധ്യായം തൃശൂരിലേക്കുള്ള രാഷ്ട്രീയ കുടിയേറ്റം: കണ്ണൂരിൽ ജനിച്ചുവളർന്ന കരുണാകരൻ തൃശൂരിൽ എത്തി എങ്ങനെയാണ് തന്റെ രാഷ്ട്രീയ തട്ടകം ആക്കി മാറ്റിയത്, അതുപോലെ തൃശൂരിലേക്കുള്ള അദ്ദേഹത്തിന്റെ കടന്നുവരവിനെക്കുറിച്ചും വിശദമാക്കുന്നു.

രണ്ടാമത്തെ അധ്യായം കെ. കരുണാകരൻ കോൺഗ്രസ് രാഷ്ട്രീയ ആചാര്യൻ : ഒരു സാധാരണ അണിയിൽ നിന്നും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ മുൻനിര നേതാവായി മാറിയ വളർച്ചയുടെ ആദ്യ ഘട്ടങ്ങൾ ഈ അധ്യായത്തിൽ വിശദമാക്കുന്നു.

മൂന്നാമത്തെ അധ്യായം ലീഡർ രാഷ്ട്രീയ തന്ത്രജ്ഞനും കേരള വികസന ശിൽപ്പിയും : കെ. കരുണാകരൻ എന്ന ഭരണാധികാരിയുടെ വികസന പദ്ധതികൾ, കോൺഗ്രസ്സിനുള്ളിലെ ഗ്രൂപ്പിസം തുടങ്ങിയവ വിശദീകരിക്കുന്നു. കെ. കരുണാകരൻ കേരളത്തിന്റെ വികസനത്തിന് നൽകിയ സംഭാവനകളെക്കുറിച്ചും അതിലുപരി അദ്ദേഹത്തിന്റെ ഡെവലപ്മെന്റ് പോളിസികൾ എങ്ങനെ കേരളത്തിന്റെ വളർച്ചയിലേക്ക് നയിച്ചു എന്നതും പ്രതിപാദിക്കുന്നു.

# അധ്യായം : 1
## തൃശൂരിലേക്കുള്ള രാഷ്ട്രീയ കുടിയേറ്റം

സ്വാതന്ത്ര്യസമര സേനാനിയും ഏഴ് പതിറ്റാണ്ടുകാലം സംസ്ഥാന-ദേശീയ രാഷ്ട്രീയത്തിൽ നിറസാന്നിദ്ധ്യവുമായിരുന്നു മുൻ മുഖ്യമന്ത്രി കെ. കരുണാകരൻ. [1]കണ്ണൂരിൽ ചിറക്കൽ കോവിലകത്തിനും കടലായി ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിനും സമീപം ഉള്ള കണോത്ത് തറവാട്ടിൽ 1918 ജൂലൈ 5-ന് ചിറക്കൽ തെക്കേടത്ത് രാവുണ്ണിമാരാരുടെയും കണോത്ത് കല്യാണി വാരസ്യാരുടെയും മൂന്നാമത്തെ മകനായി ജനിച്ചു. വടക്കര എൽ.പി.സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം. പിന്നീട് പിതാവിന്റെ സ്ഥലം മാറ്റത്തിനനുസരിച്ച് ചിറക്കലും തലശ്ശേരിയിലും പഠിക്കേണ്ടതായി വന്നിരുന്നു.

ചിറക്കലിൽ പഠിക്കുമ്പോഴാണ് അദ്ദേഹത്തിന് വോളിബോൾ കളിയോടും ചിത്രം വരയോടും കമ്പം തോന്നിത്തുടങ്ങുന്നത്. തുടർന്ന് കണ്ണിൽ വെള്ളം നിറയുന്ന അസുഖം പിടിപെട്ടതിനാൽ പഠനം പാതിവഴിയിൽ നിർത്തി. പിന്നീട് ചികിത്സ തേടി തൃശൂരിലെ വെള്ളിനിക്കരയിലെ അമ്മാവന്മാരുടെ അടുക്കലേക്ക് വണ്ടികേറി. ആ യാത്ര കരുണാകരൻ എന്ന രാഷ്ട്രീയ നേതാവിലേക്ക് ഉള്ള ആദ്യ കാൽവെയ്പ്പായിരുന്നു.

അക്കാലത്ത് തൃശൂർ ആയിരുന്നു കൊച്ചിയിലെ രാഷ്ട്രീയ സിരാകേന്ദ്രം. തൃശൂരിലെത്തിയ അദ്ദേഹം രാഷ്ട്രീയ വിശേഷങ്ങൾ അറിയുന്നതിൽ തൽപ്പരനായിരുന്നു. ഒന്നരമാസത്തെ ചികിത്സയ്ക്കുശേഷം തൃശൂർ സർക്കാർ സ്കൂളിൽ പഠനം പുനരാരംഭിക്കാനായി ചേർത്തുവെങ്കിലും പല കാരണങ്ങൾ കൊണ്ട് സ്കൂളിൽ പോകാൻ സാധിച്ചിരുന്നില്ല. സ്കൂൾ വിദ്യാഭ്യാസത്തിനിടെ തൃശൂർ എം.ടി.ഐ യിൽ നിന്നും ചിത്രകലാ പഠനം പൂർത്തിയാക്കുകയും ചിത്ര രചനയിൽ ഡിപ്ലോമ നേടുകയും ചെയ്തു. തുടർന്ന് ഉപജീവനത്തിനായി ചിത്രരചനയിലും പരസ്യബോർഡ് എഴുത്തിലും അതുപോലെ ഫോട്ടോ സ്റ്റുഡിയോയിലെ ചെറിയ ജോലികളിലും അദ്ദേഹം പ്രവർത്തിച്ചുപോന്നു[2].

ലോകമഹായുദ്ധം കൊടുമ്പിരി കൊണ്ടിരുന്ന കാലമായിരുന്നു. ബ്രിട്ടീഷ് ഭരണത്തിന്റെ അടിമത്ത സ്വഭാവം സമൂഹത്തെയാകെ നീറിപ്പിടിച്ചിരുന്ന ഒരു

---

1. കെ. കരുണാകരൻ, പതറാതെ മുന്നോട്ട്, ആത്മകഥ, കോഴിക്കോട്, 2007, p.15.

2. മാതൃഭൂമി, ഡിസംബർ, 24, 2010, p.2.

കാലമായിരുന്നു അത്. സ്വാതന്ത്ര്യത്തിനുവേണ്ടി മുറവിളി കൂട്ടുകയും ബ്രിട്ടീഷ് ഭരണത്തിനെതിരെ രാജ്യമെങ്ങും സഞ്ചരിച്ച് ജനങ്ങളെ സമര സജ്ജരാക്കുകയും ചെയ്ത മഹാത്മജിയുടെ ദർശനവും ജവഹർലാൽ നെഹ്റുവിനെ അറസ്റ്റു ചെയ്ത വാർത്തയും കരുണാകരനിൽ രാഷ്ട്രീയ താൽപ്പര്യം ഉണർത്തി[3]. അന്ന് കൊച്ചി പ്രജാമണ്ഡലം സജീവമായി രംഗത്തുണ്ടായിരുന്നു. 19-ാം വയസ്സിൽ കോൺഗ്രസ് അംഗമായി കരുണാകരൻ തന്റെ രാഷ്ട്രീയ അരങ്ങേറ്റം കുറിച്ചു. “19-ാം വയസ്സിൽ ഞാൻ കയ്യിൽ പിടിച്ച ആ മെമ്പർഷിപ്പ് ഇന്നും എന്റെ മനസ്സിലുണ്ട്.”

## തൃശൂർ എന്ന കർമ്മ മണ്ഡലം

പ്രജാമണ്ഡലത്തിലൂടെ കോൺഗ്രസ്സുകാരനായി ത്രിവർണ്ണ പതാക കയ്യിലേന്തി രാഷ്ട്രീയത്തിന്റെ നടുക്കളത്തിലേക്കിറങ്ങിയ കെ. കരുണാകരൻ ആദ്യമായി തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാകുന്നത് തൃശൂർ ചെമ്പുക്കാവ് വാർഡിൽ നിന്ന് നഗരസഭയിലേക്ക് മത്സരിച്ചപ്പോഴാണ്[4]. ഒരു ഉപതിരഞ്ഞെടുപ്പായിരുന്നു അത്. കൗൺസിലറായിരുന്ന ബാരിസ്റ്റർ കൃഷ്ണമേനോൻ പാമ്പുകടിയേറ്റ് മരിച്ചതിനെത്തുടർന്നാണ് തിരഞ്ഞെടുപ്പു വേണ്ടിവന്നത്. കോൺഗ്രസ്സിന്റെ സജീവ പ്രവർത്തകനായി മാറിക്കഴിഞ്ഞിരുന്ന കെ. കരുണാകരനെ അദ്ദേഹത്തിന്റെ ഇരുപത്തിയാറാം വയസ്സിൽ ജനങ്ങൾ എതിരില്ലാതെയാണ് നഗരസഭയിലേക്ക് തിരഞ്ഞെടുത്തത്.

പത്തൊമ്പതാം വയസ്സിൽ കോൺഗ്രസ് അംഗമായി മാറിയ കരുണാകരൻ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന വിവിധ സ്വാതന്ത്ര്യസമര പോരാട്ടങ്ങളിൽ പങ്കാളിയായി[5].

1942-ൽ ക്വിറ്റ് ഇന്ത്യ സമരത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിക്കുകയും മറ്റ് ക്വിറ്റ് ഇന്ത്യ സമര ഭടന്മാർക്ക് ഒപ്പം കരുണാകരനെയും വിയ്യൂർ സെൻട്രൽ ജയിലിൽ അടച്ചു. വി.ആർ.കൃഷ്ണ എഴുത്തച്ഛൻ, പനമ്പള്ളി ഗോവിന്ദമേനോൻ, എസ്. നീലകണ്ഠ അയ്യർ തുടങ്ങിയ പ്രജാമണ്ഡലം നേതാക്കളും കെ. ഭാഗ്യനാഥൻ, പി.ഭാസ്കരൻ തുടങ്ങിയ വിദ്യാർത്ഥി നേതാക്കളും ജയിലിൽ അദ്ദേഹത്തിന്റെ സഹതടവുകാരായിരുന്നു. 1943 നവംബർ വരെയുള്ള വിയ്യൂർ സെൻട്രൽ ജയിലിലെ തടവുകാലം കെ. കരുണാകരനെ പക്വതയും സഹനശേഷിയും ചരിത്രബോധവും ഉള്ള രാഷ്ട്രീയ പ്രവർത്തകനാക്കി മാറ്റി[6].

---

3. കെ. കരുണാകരൻ, *Op. cit*, p.20.
4. ദേശാഭിമാനി, ഡിസംബർ, 24, 2010, p.1.
5. മാധ്യമം, ഡിസംബർ 24, 2010, p.1
6. മാതൃഭൂമി, *Op.cit.*

ജീവിതാനുഭവം കൊണ്ടും പ്രായോഗിക ബുദ്ധികൊണ്ടും നേടിയ രാഷ്ട്രീയ തന്ത്രജ്ഞതയും നേതൃത്വപാടവവും അദ്ദേഹത്തെ ലീഡറാക്കി മാറ്റി. പ്രതിസന്ധികളെ ധീരമായി നേരിടുന്നതിനും അതിൽനിന്നും തന്റെ പ്രയാണത്തിനുള്ള ഊർജ്ജം സംഭരിച്ച് അനുകൂലമായ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും അസാമാന്യമായ ഇച്ഛാശക്തിയാണ് അദ്ദേഹം പ്രകടിപ്പിച്ചിട്ടുള്ളത്. 1937-ൽ തൃശൂർ ടൗൺ കോൺഗ്രസ് കമ്മിറ്റി സെക്രട്ടറിയായ അദ്ദേഹം 1940-ൽ കെ.പി.സി.സി അംഗമായി. തുടർന്ന് സംസ്ഥാന ദേശീയ നേതൃത്വത്തിലേക്ക് ഉയർന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രവർത്തക സമിതിയിലെ തലമുതിർന്ന അംഗമായിത്തീർന്നു. ഏഴു പതിറ്റാണ്ടിലേറെ നീണ്ടുനിന്ന രാഷ്ട്രീയ പ്രവർത്തനത്തിൽ മുക്കാൽ പങ്കും പാർലമെന്ററി പ്രവർത്തനത്തിൽ നേതൃത്വപരമായ പങ്കുവഹിച്ചു[7].

തൃശൂർ നഗരസഭാ കൗൺസിലിലേക്ക് 1945-ൽ ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട കരുണാകരൻ സ്വാതന്ത്ര്യലബ്ധിക്കുശേഷം 1948-ൽ ഒല്ലൂക്കര മണ്ഡലത്തിൽ നിന്നും കൊച്ചി നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് 1949, 1952, 1954 വർഷങ്ങളിൽ തിരു-കൊച്ചി നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഐക്യകേരളത്തിലെ ആദ്യ നിയമസഭാ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട അദ്ദേഹം 1967 മുതൽ 1991 വരെ തുടർച്ചയായി ഏഴു തവണ മാള നിയമസഭാ മണ്ഡലത്തിൽ നിന്നും കേരള നിയമസഭയിലേക്ക് എത്തി.

[8]കൊച്ചി-തിരുകൊച്ചി, കേരള നിയമസഭ, പാർലമെന്റിന്റെ ഇരുസഭകൾ എന്നിവിടങ്ങളിൽ അംഗമായ ഏക വ്യക്തി എന്ന ബഹുമതിക്ക് കെ. കരുണാകരൻ ഉടമയാണ്. 1971-ൽ സി. അച്യുതമേനോൻ മന്ത്രിസഭയിൽ ആഭ്യന്തര മന്ത്രിയായിരുന്നു. കേരളത്തിൽ ദീർഘകാലം ആഭ്യന്തര മന്ത്രിയായി പ്രവർത്തിച്ചത് കെ. കരുണാകരൻ ആണ്[9].

1971-ൽ ആദ്യമായി മുഖ്യമന്ത്രിയായ അദ്ദേഹം 1981-ലും 1982-ലും മുഖ്യമന്ത്രിയായിരുന്നു. അതുപോലെ കേരളത്തിൽ ദീർഘകാലം കേരള മുഖ്യമന്ത്രിയായിരുന്ന രണ്ടാം സ്ഥാനം അലങ്കരിച്ച നേതാവാണ് കെ. കരുണാകരൻ. 1967-69, 1980-81, 1987-91 കാലയളവുകളിൽ നിയമസഭയിലെ പ്രതിപക്ഷ നേതാവുമായിരുന്നു.

7. ലീഡർ, മലയാളം ഫിലിം, 27, Nov, 2019.

8. മലയാള മനോരമ, ഡിസംബർ, 25, 2010, p.1.

9. ദേശാഭിമാനി, *Op. cit.*, p.10.

1995-97, 1997-98, 2004-05 കാലയളവിൽ രാജ്യസഭാംഗമായിരുന്ന അദ്ദേഹം 1955-ൽ കേന്ദ്ര വ്യവസായ വകുപ്പുമന്ത്രിയായിരുന്നു[10].

1998-ൽ തിരുവനന്തപുരത്തുനിന്നും 1999-ൽ മുകുന്ദപുരത്തുനിന്നും അദ്ദേഹം ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാനത്തെ ഏറ്റവും ജനകീയരായ നേതാക്കളിലും ഭരണാധികാരികളിലും ഒരാളായിരുന്നു കരുണാകരൻ. ഒരു പുരുഷായുസ്സ് മുഴുവൻ തന്റെ പ്രസ്ഥാനത്തിനുവേണ്ടി പ്രവർത്തിച്ച അദ്ദേഹത്തിന്റെ രാഷ്ട്രീയ ശൈലി അദ്ദേഹത്തിനു മാത്രം അവകാശപ്പെട്ടതാണ്[11]. ഭരണാധികാരി എന്ന നിലയിൽ അദ്ദേഹം കേരളത്തിനും രാജ്യത്തിനും നൽകിയ സേവനങ്ങൾ എക്കാലവും ഓർമ്മിക്കപ്പെടും. ഒരു കാലഘട്ടത്തെ സമഗ്രമായി സ്വാധീനിച്ച അദ്ദേഹത്തിന്റെ ഭൗതിക സാന്നിദ്ധ്യം ചടുലവും സജീവമായി കേരള രാഷ്ട്രീയത്തിൽ നിറഞ്ഞുനിന്ന കെ.കരുണാകരൻ നമ്മുടെ രാജ്യത്തിന്റെ വിശിഷ്യാ കേരളത്തിന്റെ എക്കാലത്തെയും പ്രതീകമാണ്.

## മാളയുടെ മാണിക്യം

1965-ലാണ് കരുണാകരൻ മാളയിൽ എത്തുന്നത്. ചാലക്കുടിയിൽ നിന്നും ഇരിങ്ങാലക്കുടയിൽ നിന്നും ചില പഞ്ചായത്തുകൾ ഉൾപ്പെടുത്തി രൂപീകരിച്ചതാണ് മാള. ചെറിയ ഒരിടവേളയ്ക്കുശേഷം തെരഞ്ഞെടുപ്പ് രംഗത്തെത്തിയ കരുണാകരന് അഞ്ച് കൊല്ലത്തിനുശേഷം പാർട്ടി നൽകുന്ന സീറ്റ് വിജയിക്കാവുന്ന മണ്ഡലമായിരുന്നില്ല. കോൺഗ്രസ്സിനുള്ളിൽ കൊടികുത്തിവാണ ഗ്രൂപ്പിസമായിരുന്നു അതിനു കാരണം. സി.പി.എമ്മിന് സി.പി.ഐ യെ തോൽപ്പിക്കണം. കോൺഗ്രസിന് കേരള കോൺഗ്രസിനെ തറപറ്റിക്കണം. അജണ്ടകൾ മാറിപ്പോയ ഒരു തിരഞ്ഞെടുപ്പായിരുന്നു 1965 മാർച്ച് 4-ന് കേരളത്തിൽ നടന്നത്.

മാളയുടെ അന്നത്തെ അവസ്ഥ വളരെ ശോചനീയമായിരുന്നു. റോഡുകളില്ല, കുടിവെള്ളമില്ല, സ്കൂളുകൾ ഇല്ല, യാതൊരുവിധ വികസനവും എത്താത്ത സ്ഥലങ്ങൾ ആയിരുന്നു മാളയിലെവിടെയും. തെരഞ്ഞെടുപ്പ് പ്രവർത്തനം തന്നെ ബുദ്ധിമുട്ടായിരുന്നു. തിളച്ചു കിടക്കുന്ന വെയിലും വരണ്ട ചുടുകാറ്റും വഴികൾ പോലുമില്ലാത്ത പറമ്പുകൾ മുറിച്ചു കയറി നടന്നുമാണ് പ്രചരണം നടത്തിയിരുന്നത്. ഇന്നത്തെ സ്ഥാനാർത്ഥിക്ക് ഒരിക്കലും ചിന്തിക്കാൻ കഴിയുമായിരുന്നില്ല മാളയുടെ അന്നത്തെ അവസ്ഥ[12].

10. *Ibid.*, p.2.

11. *Ibid.*

12. കരുണാകരൻ, *Op.cit.*, p.93

എന്നാൽ കരുണാകരൻ തന്റെ നിശ്ചയദാർഢ്യം കൊണ്ട് മാളയുടെ മണ്ണ് കീഴടക്കി. മാളയിലെ ജനങ്ങളും അവരുടെ സ്നേഹവും പിന്തുണയും ആണ് അദ്ദേഹത്തെ മുന്നോട്ട് നയിച്ചതെന്ന് വ്യക്തമാണ്. മാളയും ഞാനുമായി ഒരാത്മ ബന്ധം വളർന്നു. അമ്മയ്ക്ക് മകനോടെന്നപോലെ ഒരിക്കലും മരിക്കാത്ത വാത്സ ല്യം എന്ന് പതറാതെ മുന്നോട്ട് എന്ന ആത്മകഥയിൽ ലീഡർ മാളയെക്കുറിച്ച് പ്രതിപാദിക്കുന്നു[13].

നാൽപ്പത്തി ഒന്നിലെ കൊടുങ്കാറ്റിനുശേഷം വസൂരിയും കോളറയും ബാധിച്ച മാളയിലേക്ക് ആദ്യം കടന്നുചെന്ന രാഷ്ട്രീയ പ്രവർത്തകരിൽ ഒരാ ളാണ് കെ. കരുണാകരന. മില്ലുകളിൽ നിന്ന് തുണിയും വീടുകളിൽ നിന്ന് അരിയും ശേഖരിച്ച് കരുണാകരനും  സംഘവും മാളയിലെ രോഗം ബാധിച്ച വീടുകളിൽ കടന്നുചെല്ലുകയും അതുപോലെ ചിമ്മിനി വിളക്കുപോലുമില്ലാത്ത വീടുകളിൽ സംഘം തീ പൂട്ടിയിട്ടുണ്ട്[14]. അന്ന് വീടുകൾ കെട്ടിമേയാൻ സന്നദ്ധ  പ്രവർത്തക രുമായി ഗ്രാമങ്ങൾ തോറും സഹായങ്ങൾ നൽകി. മാളയിൽ, അക്കാലത്ത് ജൂത ന്മാർ താമസിച്ചിരുന്നു. വസൂരി കഠിനമായി ബാധിച്ചത് ജൂതന്മാരെയാണ്. അവ രുടെ അടുത്തേക്ക് ചെല്ലുമ്പോൾ നന്ദി വാക്കുപോലും പറയാനാവാതെ അവ രുടെ കണ്ണുകൾ നിറയുന്നത് [15]കണ്ടിരുന്നു എന്ന് കരുണാകരൻ അദ്ദേഹത്തിന്റെ അഭിമുഖങ്ങളിൽ സൂചിപ്പിക്കുന്നു.

ആ തെരഞ്ഞെടുപ്പിൽ സി.പി.എം ഏറ്റവും വലിയ ഒറ്റ കക്ഷിയായി. സി.പി.എം-ന് നാൽപ്പതും കോൺഗ്രസ്സിന് മുപ്പത്തിയാറും കിട്ടി. സി.പി.ഐ പിന്നി ലേക്ക് പോയപ്പോൾ കേരള കോൺഗ്രസ് മുന്നിലെത്തി. എല്ലാ പാർട്ടികളെയും ഒരു അരക്ഷിതാവസ്ഥ പിടികൂടിയിരുന്നു.

മാളയിൽ നാലായിരത്തോളം വോട്ടുകൾക്കാണ് കരുണാകരൻ ജയിച്ചത്. ചാലക്കുടിയിൽ വോട്ടെണ്ണി കഴിഞ്ഞശേഷം അദ്ദേഹം ആഹ്ലാദത്തോടെ മാള ചുറ്റിയടിച്ചു. മാളയിലെ വിജയ ചരിത്രത്തിന്റെ ചുവടുവയ്പ്പായിരുന്നു അത്. പക്ഷെ ആ കൊല്ലം  സഭ കൂടിയില്ല. പിന്നീട് ഏഴു കൊല്ലം അതേ മണ്ഡലത്തിൽ നിന്ന് ജയിച്ച് മാളയുടെ മാണിക്യം ആയി[16].

1967-ലെ കേരള നിയമസഭ പ്രവേശനം മുതൽ കേരള രാഷ്ട്രീയത്തിലെ ചാണക്യനുമായി.

13. *Ibid*., p.92.

14. ജോർജ് പുളിക്കൽ, മലയാളം മുഴക്കിയ മുദ്രാവാക്യങ്ങൾ തോറ്റ ചരിത്രം കേട്ടിട്ടില്ല, കോട്ടയം, p.138.

15. *Ibid*., p. 139.

16. എ. ജയശങ്കർ, കാസ്റ്റിംഗ് മന്ത്രിസഭ, 2015, p. 175.

## അദ്ധ്യായം : 2

## കെ. കരുണാകരൻ: കോൺഗ്രസ് രാഷ്ട്രീയ ആചാര്യൻ

### ട്രേഡ് യൂണിയൻ നേതാവ്

നാൽപ്പതുകളുടെ തുടക്കം ബ്രിട്ടീഷുകാർ ഇന്ത്യ വിടുക എന്ന മുദ്രാവാക്യം നാടെങ്ങും ആവേശം വിതറുന്ന സമയം. ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം കൊടുമ്പിരിക്കൊണ്ട അന്നാളുകളിൽ രാജ്യം മുഴുവൻ സമരത്തീച്ചൂളയിൽ നീറിക്കൊണ്ടിരുന്നു. ദേശാഭിമാനികൾ മുഴുക്കെ അടർക്കളത്തിൽ പലരും മർദ്ദനമേറ്റു വാങ്ങിയിട്ടും കൂടുതൽ ആവേശത്തോടെ സമര രംഗത്തുതന്നെ. ഒട്ടേറെപ്പേർ കൽത്തുറുങ്കിൽ. കോൺഗ്രസ് നേതാക്കളിൽ ബഹുഭൂരിപക്ഷവും വിയ്യൂരിലേയും കണ്ണൂരിലേയും പൂജപ്പുരയിലേയും സെൻട്രൽ ജയിലുകളിൽ തടവുകാരായി കഴിയുന്ന കാലം. ആ അവസരം ശരിക്കും മുതലെടുത്തത് കമ്മ്യൂണിസ്റ്റുകാരായിരുന്നു. തൊഴിലാളികളെ സംഘടിപ്പിക്കാൻ അന്ന് നിലവിലുണ്ടായിരുന്ന പ്രമുഖ ട്രേഡ് യൂണിയൻ എ.ഐ.ടി.യു.സി. യാണ് കോൺഗ്രസ്സുകാരും അന്നൊക്കെ പ്രവർത്തിച്ചത് എ.ഐ.ടി.യു.സി യിലാണ്. അതിനെ നയിച്ചിരുന്ന കോൺഗ്രസ്സുകാരിൽ പലരും ജയിലിലായപ്പോൾ എ.ഐ.ടി.യു.സി കമ്മ്യൂണിസ്റ്റുകാർ പിടിച്ചടക്കി. നേതാക്കൾ ജയിൽവിട്ടു വന്നപ്പോൾ തൊഴിലാളികൾ കൂടുതലും കമ്മ്യൂണിസ്റ്റുകാർ നേതൃത്വം നൽകുന്ന യൂണിയനിൽ[1].

കമ്മ്യൂണിസ്റ്റുകാരുടെ കൽക്കത്ത തീസിസിന്റെ കാലമായിരുന്നു അത്. കലാപരമായി മാറിയ കമ്മ്യൂണിസ്റ്റുകാരേയും അവരുടെ കൂടെ നിന്ന തൊഴിലാളികളേയും നേരിടാൻ അന്ന് പലർക്കും ഭയമായിരുന്നു. അതുകൊണ്ടുതന്നെ ദേശീയ ചിന്താഗതിയുള്ള കോൺഗ്രസ് ചായ്‌വുള്ള തൊഴിലാളികൾ, പകച്ചുനിൽക്കുന്ന ഒരു കാഴ്ചയാണ് അന്ന് പലയിടത്തും പ്രത്യേകിച്ചും തൃശൂരിൽ കണ്ടത്. സീതാറാം ടെക്സ്റ്റയിൽസ്, അളഗപ്പ ടെക്സ്റ്ററിൽസ്, അന്തിക്കാട്ടെ ചെത്തുതൊഴിലാളി മേഖല– എല്ലായിടത്തും ചെങ്കൊടി പാറിപ്പറക്കുന്നു. എന്തിനും തയ്യാറായ തൊഴിലാളികൾ വർഗസമരത്തിന്റെ പേരിൽ എതിരാളികളെ കൊല്ലാൻവരെ മടിയില്ലാതെ നിൽക്കുന്നു[2].

എങ്ങനെ ഈ വെല്ലുവിളിയെ നേരിടണമെന്നായിരുന്നു അന്ന് പ്രജാമണ്ഡലത്തിലും കോൺഗ്രസ്സിലുമൊക്കെ പ്രവർത്തിച്ചിരുന്ന നേതാക്കളുടെ ഏറ്റവും

---

1. കേരള നിയമസഭ നടപടികൾ, പന്ത്രണ്ടാം കേരള നിയമസഭ, ഔദ്യോഗിക റിപ്പോർട്ട്, Library Archives Kerala Legislative Assembly, തിരുവനന്തപുരം 2010, p.18.
2. കെ. കരുണാകരൻ, പതറാതെ മുന്നോട്ട്, ആത്മകഥ, കോഴിക്കോട്, 2007, p.31.

വലിയ പ്രശ്നം തൊഴിലാളികളെ എങ്ങനെ സംഘടിപ്പിക്കണം? ചെങ്കൊടി പിടിക്കുന്നവരിൽ ഏതു വിധത്തിൽ ത്രിവർണ്ണ പതാക ഏൽപ്പിക്കാൻ കഴിയും? ആരതിന് നേതൃത്വം കൊടുക്കും? ഏറെ ദിവസങ്ങൾ പനമ്പിള്ളി ഗോവിന്ദമേനോനും ചൊവ്വര പരമേശ്വരനും അടക്കമുള്ള നേതാക്കൾ ഗൗരവപൂർവ്വം ആലോചിച്ചു. ഒടുവിൽ അവർ കണ്ടെത്തിയത് കരുണാകരനെയാണ്.

കിറ്റ് ഇന്ത്യ സമരത്തിൽ പങ്കെടുത്ത് ജയിൽ മോചിതനായ ശേഷം പ്രജാ മണ്ഡലത്തിന്റെ നേതാക്കൾ തൃശൂർ മേഖലയിൽ കോൺഗ്രസ്സിന്റെ തൊഴിലാളി സംഘടന ഉണ്ടാക്കുവാൻ ഉള്ള ചുമതല കെ. കരുണാകരനെ ഏൽപ്പിച്ചു. അക്കാ ലത്ത് തൃശൂരിലെ തൊഴിലാളികൾ എല്ലാം കമ്മ്യൂണിസ്റ്റ് ട്രേഡ് യൂണിയന്റെ കൊടി കീഴിലായിരുന്നു. അവർക്ക് ഇടയിൽ നിന്ന് തൊഴിലാളികളെ അടർത്തി എടുത്ത് കോൺഗ്രസ്സിന്റെ സംഘടന ഉണ്ടാക്കുകയായിരുന്നു കെ. കരുണാകരന്റെ ശ്രമക രമായ ദൗത്യം. രാഷ്ട്രീയ രംഗത്ത് താരതമ്യേന ശിശുവായ കരുണാകരൻ[3] ആ വെല്ലുവിളി സധൈര്യം ഏറ്റെടുത്തു. തുടർന്ന് AITUC യുടെ ശക്തികേന്ദ്രമായ സീതാറാം മിൽസ് കേന്ദ്രമാക്കി കരുണാകരൻ തന്റെ ട്രേഡ് യൂണിയൻ പ്രവർത്തനം ആരംഭിച്ചു. രണ്ടായിരം തൊഴിലാളികളിൽ എൺപത് ശതമാനവും AITUC യിലാ യിരുന്നു. അതിൽ എഴുപത്തി രണ്ട് ആളുകളെ രാജിവെപ്പിച്ച് തന്റെ ഒപ്പം കൂട്ടാൻ കരുണാകരന് തുടക്കം എന്ന നിലയിൽ സാധിച്ചു[4]. തുടർന്ന് തൃശൂരിലെ പീടിക തൊഴിലാളികളെയും അന്തിക്കാട്ട്ഉള്ള ചകിരി തൊഴിലാളികളെയും വെള്ളാനിക്ക രയിലെ തട്ടിൽ റബ്ബർ എസ്റ്റേറ്റ് തൊഴിലാളികളെയും സംഘടിപ്പിച്ച് ധീരമായി അവി ടങ്ങളിലെല്ലാം INTUC യുടെ പതാക പറപ്പിക്കുവാൻ കെ. കരുണാകരൻ എന്ന ട്രേഡ് യൂണിയൻ നേതാവിനു കഴിഞ്ഞു[5].

തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി ജനങ്ങളുടെ പിന്തുണയോ ടുകൂടിയ സമര രീതിയാണ് അക്കാലത്ത് പിന്തുടർന്നത്. മാനേജ്മെന്റുകളുമായി സംസാരിക്കുമ്പോൾ തൊഴിലാളികളുടെ ഭാവി കൂടി മുൻനിർത്തിയുള്ള പ്രവർത്ത നങ്ങളാണ് സ്വീകരിച്ചത്.

കൃഷിഭൂമി കൃഷിക്കാരന്, തൊഴിൽശാല തൊഴിലാളിക്ക് എന്ന മുദ്രാവാക്യവു മായി പാർട്ടി മുന്നോട്ടു പോകുന്ന കാലം. എവിടെ യൂണിയൻ തുടങ്ങിയാലും ആ

---

3. *Ibid.*, p.32.

4. ചരമോപചാരം, Library Archives Kerala Legislative Assembly, Thiruvananthapuram, 2010, p.17.

5. *Ibid.*, p.18.

വ്യവസായത്തെക്കുറിച്ച് സമഗ്രമായി പഠിക്കുകയും ഉൽപാദന പ്രക്രിയയെ പറ്റി വ്യക്തമായി മനസ്സിലാക്കി പ്രവർത്തിക്കുന്ന രീതിയാണ് കരുണാകരന്റെയും സംഘത്തിന്റെയും ആദ്യ നടപടി. ഉൽപ്പാദനം കുറയ്ക്കുന്നതിനെ ഞാൻ ഒരു കാലത്തും അനുകൂലിച്ചിട്ടില്ല എന്ന് മാധ്യമം ലേഖനത്തിലെ അദ്ദേഹത്തിന്റെ പ്രസ്താവനയിൽ നിന്നും മനസ്സിലാക്കാം[6].

ഇരുപത്തിനാല് മണിക്കൂറും രാഷ്ട്രീയത്തിൽ തന്നെ മുങ്ങിത്തുടിക്കുകയായിരുന്ന അദ്ദേഹം അന്ന് പാട്ടുരായ്ക്കലിൽ വിയ്യൂർ പാടം തുടങ്ങുന്നതിന് മുമ്പുള്ള ഒരു വീട്ടിലായിരുന്നു താമസം[7]. വീടെന്നു പറയാൻ പറ്റില്ല, ശരിക്കും ഒരു പാർട്ടി ഓഫീസ് തന്നെ. ആകെ ഒരു ഗുണം എന്നത് ഷൊർണൂർ റോഡിലൂടെ കടന്നുപോകുന്ന ആർക്കും ആ വീട് കാണാം. ഏതു പാതിരായ്ക്കും തന്നെ തേടിയെത്തുന്ന തൊഴിലാളികളുടെ സൗകര്യാർത്ഥമാണ് അദ്ദേഹം ആ വീട് തിരഞ്ഞെടുത്തത്.

ഈ ഘട്ടത്തിൽ സംസ്ഥാന ഐ.എൻ.ടി.യു.സി നേതൃത്വവും തിരു-കൊച്ചിയിലെ എം.എൽ.എ സ്ഥാനവും, ഡി.സി.സി. പ്രസിഡന്റ് പദവും കേരളവും മുഴുവൻ ഉള്ള തൊഴിലാളി യൂണിയനുകളും അദ്ദേഹത്തിന് ഉറക്കവും ഭക്ഷണവും ഇല്ലാത്ത പ്രവർത്തന ഭാരമാണ് സമ്മാനിച്ചത്[8].

മുഖ്യമന്ത്രിയായിരിക്കുമ്പോൾ ഈ ട്രേഡ് യൂണിയൻ രംഗത്തെ പ്രവർത്തന പരിചയം ആണ് ഇലക്ട്രിസിറ്റി സമരവും മറ്റും ചർച്ച ചെയ്തു തീർക്കാൻ അദ്ദേഹത്തിന് സഹായവും ആത്മവിശ്വാസവും നൽകിയതെന്ന് പതറാതെ മുന്നോട്ട് എന്ന ആത്മകഥയിൽ സൂചിപ്പിക്കുന്നു[9].

അതുപോലെ എല്ലാ തൊഴിലാളികളെയും ഒരുപോലെ തന്റെ ഒപ്പം നിർത്താൻ കെ. കരുണാകരന് ഒരു പ്രത്യേക കഴിവ് മറ്റ് നേതാക്കളെ അപേക്ഷിച്ച് ഉണ്ടെന്നതിനു തെളിവാണ് ഐക്യകേരളത്തിലെ ആദ്യത്തെ പൊതു തെരഞ്ഞെടുപ്പിലെ ഫലം[10]. 1957-ലെ തിരഞ്ഞെടുപ്പിൽ കരുണാകരൻ തൃശൂരിൽ നിന്ന് മത്സരിച്ച് രണ്ടായിരം വോട്ടിന്റെ കുറവിൽ തോൽവി നേരിട്ടെങ്കിലും കരുണാകരൻ ലഭിച്ച വോട്ട് 20145 ഉം എതിരാളിക്ക് ലഭിച്ചത് 23531 വോട്ടുമാണ്.

---

6. കെ. കരുണാകരൻ, *Op. cit.*, p.32
7. *Ibid.*, p.40.
8. മാധ്യമം, ഡിസംബർ 23, 2020, p.2.
9. കെ.കരുണാകരൻ, *Op. cit.*, p.40
10. *Ibid.*

തൊഴിലാളികൾക്കിടയിൽ കരുണാകരന് നേടിയെടുക്കാൻ കഴിഞ്ഞ വിശ്വാസമാണ് 1957-ലെ തിരഞ്ഞെടുപ്പിൽ കണ്ടത്. യോഗങ്ങളായ യോഗങ്ങളിലെല്ലാം തൊഴിലാളികൾ അദ്ദേഹത്തെ പിന്തുണച്ചതിനെ പറ്റി അഭിമാനത്തോടെ അവതരിപ്പിക്കുന്ന കെ. കരുണാകരനെ ചരിത്രത്തിൽ കാണാം.

## ജനങ്ങളുടെ ലീഡർ

ലീഡർ എന്ന് കേട്ടാൽ മലയാളികൾക്ക് ആദ്യം വരുന്ന മുഖം കെ. കരുണാകരൻ എന്ന നേതാവിന്റെ ആണ്. ഒരുപാട് നേതാക്കൾ കേരള രാഷ്ട്രീയത്തിൽ കടന്നുവന്നെങ്കിലും ലീഡർ എന്ന ആംഗലേയ പദം ആഴത്തിൽ പ്രതിഫലിച്ച നേതാവ്. ഈ പേരില്ലാതെ പതിറ്റാണ്ടുകളോളം കേരള രാഷ്ട്രീയത്തിൽ ഒരു ചർച്ചയും നടന്നിട്ടില്ല എന്നതാണ് സത്യം. വാക്കുകൾക്കും വിശേഷങ്ങൾക്കും അധീതൻ, അതുകൊണ്ടാകും രാഷ്ട്രീയ എതിരാളികൾ പോലും ലീഡർ (നേതാവ്) എന്ന് വിളിച്ചത്.

തൊഴിലാളികളെ എല്ലാം ഒരുപോലെ നിലനിർത്താനും തൊഴിലാളികൾക്കായി പ്രവർത്തിക്കാനും സന്നദ്ധമായി നിന്നതിനാൽ യൂണിയൻ രംഗത്ത് തൊഴിലാളികൾ അദ്ദേഹത്തെ 'ലീഡർ' എന്ന് വിളിച്ചു.

ലീഡർ ഒരു ഇംഗ്ലീഷ് വാക്കാണ്. കരുണാകരനെ അണികൾ വിളിച്ച് വിളിച്ചാണ് ലീഡർ എന്നത് ഒരു മലയാളം വാക്കായത്. ഏതു നേതാവിനെയും വിളിക്കാവുന്ന വാക്കാണ് ലീഡർ. പക്ഷെ കെ. കരുണാകരനെ അദ്ദേഹത്തിന്റെ ആരാധകർ വിളിച്ച അത്ര ആത്മാർത്ഥതയോടെ കേരളത്തിൽ ആരും ആരെയും ലീഡർ എന്നു വിളിച്ചിട്ടില്ല. അവർ അങ്ങനെ വിളിക്കാൻ കാരണം ഉണ്ട്, കേരളത്തിലെ കോൺഗ്രസ്സിനെ പുനരുദ്ധരിപ്പിച്ചത് ലീഡർ ആണ്. 1967-ലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനുണ്ടായ പതനം 133 പേരുള്ള കേരള നിയമസഭയിൽ കേവലം ഒമ്പത് സീറ്റായി കോൺഗ്രസ് കുറഞ്ഞു. രണ്ടക്കം പോലും ഇല്ല, ഇനി കോൺഗ്രസ് തല പൊക്കില്ല എന്ന സ്ഥിതി വന്നു. അന്ന് കോൺഗ്രസ്സിനെക്കുറിച്ച് പനമ്പള്ളി ഗോവിന്ദമേനോൻ വിശേഷിപ്പിച്ചത് "മല്ലീശ്വരന്റെ ഒടിഞ്ഞ വില്ലുപോലെ" എന്നാണ്.[11]അങ്ങനെ തകർന്നടിഞ്ഞ കോൺഗ്രസ്സിനെ രണ്ടര വർഷത്തിനുള്ളിൽ അധികാരത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവന്നതിൽ ഏറ്റവും വലിയ പങ്ക് ശ്രീ. കെ. കരുണാകരനാണ്. അതുകൊണ്ടുതന്നെ ലീഡർ എന്ന പ്രയോഗം ഏറ്റവും

11. മാതൃഭൂമി, ജൂലൈ, 5, 2018, p.3.

അനുയോജ്യമായത് കെ. കരുണാകരനു തന്നെ ആണെന്നതിൽ തർക്കം ഇല്ല. അതുപോലെ പനമ്പള്ളി ഗോവിന്ദമേനോന്റെ കീഴിൽ ട്രേഡ് യൂണിയൻ രംഗത്ത് അരങ്ങേറ്റം കുറിച്ച കരുണാകരൻ പിന്നീട് അങ്ങോട്ട് ട്രേഡ് യൂണിയൻ രംഗത്ത് സജീവ സാന്നിദ്ധ്യമായി മാറി. തൊഴിലാളി വർഗം എന്ന് പറഞ്ഞാൽ ഇടതുപക്ഷ ത്തിന്റെയും ഇടതുപക്ഷം എന്നത് കമ്മ്യൂണിസ്റ്റുകാരുടേതാണ് എന്ന ധാരണയെ പൂർണ്ണമായും മാറ്റി എടുത്ത് ഒരു ഒറ്റ സമൂഹമായി കൊണ്ടുവന്ന ആൾ ആണ് കെ. കരുണാകരൻ[12].

"ഇന്നും പൊതുരംഗത്ത് നിൽക്കുമ്പോൾ ആരെങ്കിലും എന്നെ 'ലീഡർ' എന്നു വിളിച്ചിട്ടുണ്ടെങ്കിൽ ആ പേരിലെ മഹത്വം കൊണ്ട് ഞാൻ പുളകം കൊള്ളാറില്ല. ആ പേര് ട്രേഡ് യൂണിയൻ രംഗത്ത് തൊഴിലാളികൾ സ്നേഹം കൊണ്ട് സമ്മാനിച്ചതാണ്. അതു കേൾക്കുമ്പോൾ ഞാൻ ഉദ്ധതനാകാറില്ല, വിനയാന്വിത നാവുകയാണ് പതിവ്."

ഇപ്പോഴും ക്രിക്കറ്റ് കളി കാണുമ്പോൾ സച്ചിൻ ഇല്ലേടാ മോനെ എന്ന് ചോദിക്കുന്ന അമ്മമാരും രാഷ്ട്രീയ സമ്മേളനം കാണുമ്പോൾ കരുണാകരൻ അല്ലേടാ എന്ന് ചോദിക്കുന്ന മുത്തശ്ശിമാരും കേരള സമൂഹത്തിൽ ഇന്നും ഉണ്ട് എന്നതാണ് സത്യം.

## രാഷ്ട്രീയ ചാണക്യൻ

പ്രഗത്ഭനായ ഗുരുനാഥന്റെ കീഴിൽ ചിത്രകല പരിശീലിച്ചശേഷം ആ ധാരയിൽ തുടർയാനം നടത്തുന്നതിന് പകരം എം. നാരായണമേനോന്റെ രാഷ്ട്രീയ നേതൃത്വത്തിൽ തന്റെ ജീവിതപാത മാറ്റിമറിച്ചുകൊണ്ട് അദ്ദേഹം രാഷ്ട്രീയ രംഗത്തേക്ക് കടന്നുവന്നു. പടിപടിയായി പല ചുമതലകൾ കൈയാളി, ഒടുവിൽ തൊഴിലാളിപ്രസ്ഥാന രംഗത്ത് കോൺഗ്രസ്സിന്റെ അണി കളെ ശക്തിപ്പെടുത്തുക എന്ന ദൗത്യം നേതൃത്വ ഭാഗത്തുനിന്ന് അദ്ദേഹത്തിന് നിയുക്തമായി. അങ്ങനെ തൃശൂരിന്റെ പ്രാന്തപരിസരങ്ങളിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ കോൺഗ്രസിന്റെ മുഖ്യധാരയിൽ ഉള്ള സജീവ സാന്നിധ്യമായി വന്ന കരുണാകരനെയാണ് ചരിത്രം നമുക്ക് സാക്ഷ്യപ്പെടുത്തിതരുന്നത്[13]. ട്രേഡ് യൂണിയൻ നേതാവ് എന്ന നിലയിൽ അദ്ദേഹം പല പ്രസ്താവ്യങ്ങളായ പല വിജയങ്ങളും നേടിയിട്ടുണ്ട്. അതോടൊപ്പം തന്നെ അദ്ദേഹത്തിന്റെ പൊതു ജീവിതം പത്തൊമ്പതാം വയസ്സു മുതൽ മരണപ്പെടുന്നതുവരെ ആ കാലഘട്ടം

12. *Ibid.*

13. പി.റ്റി.ചാക്കോ, കൊറോണക്കാലത്തെ കുഞ്ഞൂഞ്ഞു കഥകൾ, കോട്ടയം, p.138.

മുഴുവൻ അദ്ദേഹത്തെ ആരോപണങ്ങൾ, അപവാദങ്ങൾ, വിവാദങ്ങൾ വേട്ടയാടി പോന്നിട്ടുണ്ട്. ട്രേഡ് യൂണിയൻ രംഗത്ത് അദ്ദേഹത്തിന്റെ വിജയങ്ങളോട് ചേർത്തും നിഗൂഢതകൾ നിറഞ്ഞ വിവാദങ്ങൾ തലയുയർത്തിയിട്ടുണ്ട്. അവയെ എല്ലാം തന്റെ പ്രായോഗിക സമീപനംകൊണ്ട് നേരിട്ടുകൊണ്ട് മുന്നോട്ടുപോകുന്ന കരുണാകരനെയാണ് കാണാൻ സാധിക്കുന്നത്. കെ. കരുണാകരനെക്കുറിച്ച് എഴുതപ്പെട്ടിട്ടുള്ള ജീവരേഖകളിലെല്ലാം അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത് രാഷ്ട്രീയ ചാണക്യൻ എന്നാണ്.

ഒൻപത് എം.എൽ.എ. മാരുമായി കോൺഗ്രസ് അതിഭീകരമായ ന്യൂനപക്ഷമായി അസംബ്ലിയെ നേരിടേണ്ടിവന്ന ഘട്ടത്തിലാണ് കോൺഗ്രസ് നിയമസഭ കക്ഷി നേതൃത്വം കരുണാകരനെ തേടിവരുന്നത്. അവിടെ നിന്ന് കോൺഗ്രസ് കേരള നിയമസഭയിലേയും കേരള രാഷ്ട്രീയത്തിലെയും അജയമായ ശക്തിയായി ഉയർന്നെഴുന്നേറ്റു. വിളർച്ചകൾ ഉണ്ടായി എന്നിട്ടും കോൺഗ്രസ് പ്രസ്ഥാനവും ഐക്യമുന്നണിയും മുന്നോട്ടുപോയി. ഇത് കരുണാകരന്റെ നേതൃത്വംകൊണ്ട് മാത്രമാണെന്ന് പറയുന്നത് വെറും സ്തുതി വചനമാണ്. പക്ഷെ ഒൻപത് എം.എൽ.എ. മാരിൽ നിന്ന് ഒറ്റക്ക് ഭരിക്കാൻ ഉള്ള ഭൂരിപക്ഷം നേടുന്ന അവസ്ഥയിലേക്ക് കോൺഗ്രസ് പ്രസ്ഥാനം കുതിച്ചതിനു പുറമേ നിന്നുകൊണ്ടാണ് ലക്ഷ്യം ഭേദകമായി നിയന്ത്രിക്കുകയും ഏകോപിപ്പിക്കുകയും ചെയ്തതിനു പുറമേയുള്ള പ്രഥമ സ്ഥാനം കരുണാകരനു നൽകിയേ മതിയാകൂ. കുതന്ത്രങ്ങളും കൗശലങ്ങളും പ്രയോഗിച്ചിട്ടുണ്ടാകാം. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ലക്ഷ്യമായിരുന്നു മാർഗ്ഗത്തെ സാധൂകരിച്ചിരുന്നത്[14].

---

14. മാതൃഭൂമി, *Op.cit.*

## അധ്യായം : 3
## ലീഡർ : രാഷ്ട്രീയ തന്ത്രജ്ഞനും കേരള വികസന ശിൽപ്പിയും

കേരളത്തിൽ കോൺഗ്രസ് പ്രസ്ഥാനത്തെ ശക്തിപ്പെടുത്താൻ അദ്ദേഹം നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ഈ അവസരത്തിൽ ഓർമ്മിക്കുകയാണ്. യു.ഡി.എഫിന്റെ പ്രധാന ശിൽപ്പികളിൽ ഏറ്റവും പ്രധാനിയായിരുന്നു ലീഡർ ശ്രീ. കെ. കരുണാകരൻ.

തൊണ്ണൂറുകളിലെ ഇന്ത്യൻ രാഷ്ട്രീയത്തിൽ അദ്ദേഹം നടത്തിയിട്ടുള്ള ധീരമായ ഇടപെടലുകൾ സുപ്രസിദ്ധമാണ്. പറയത്തക്ക വിദ്യാഭ്യാസമോ പ്രസംഗ പാടവമോ ഇല്ലാതിരുന്ന അദ്ദേഹം തന്റെ തനതായ സ്വഭാവ ശൈലിയിലൂടെയും എന്തിനും ഏതിനുമുള്ള നർമ്മത്തിൽ പൊതിഞ്ഞതുമായ ക്ലാസ്സിക്കൽ മറുപടിയിലൂടെ ശ്രോതാക്കളെ പിടിച്ചിരുത്താൻ പ്രത്യേക കഴിവുള്ള വ്യക്തി എന്ന നിലയിൽ അദ്ദേഹത്തിന്റെ ജനപിന്തുണ കോൺഗ്രസ്സിന്റെ ഉയർത്തെഴുന്നേൽപ്പിനു പ്രധാന പങ്കുവഹിച്ച ഒന്നാണ്. ഒരുപക്ഷെ അദ്ദേഹത്തിനുശേഷം ജനങ്ങൾക്കിടയിൽ അടുത്ത് ഇടപഴകിയവർ ഉമ്മൻചാണ്ടി ഒഴികെ മറ്റ് നേതാക്കൾ വിരളമായിരിക്കും[1].

കേരളത്തിന്റെ വികസനത്തിൽ കരുണാകരൻ പ്രകടിപ്പിച്ചിട്ടുള്ള താൽപ്പര്യം നാം പ്രത്യേകമായി പരിശോധിക്കപ്പെടേണ്ടതാണ്. ഒരു വികസിത സംസ്ഥാനമായി കേരളത്തെ മാറ്റണം എന്ന ആഗ്രഹം അദ്ദേഹം എല്ലാ സന്ദർഭങ്ങളിലും പ്രകടിപ്പിച്ചിട്ടുണ്ട്. ഇന്ന് നമ്മുടെ മുന്നിൽ തുറന്നു കിടക്കുന്ന ഒട്ടനവധി കേരളത്തിന്റെ വികസന പദ്ധതികൾക്ക് നേതൃത്വം കൊടുത്തുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ ഇന്ത്യയിലെ മറ്റു വികസിത സംസ്ഥാനങ്ങളെപ്പോലെ ഉയർത്തിക്കൊണ്ടു വരണമെന്നൊരു കാഴ്ചപ്പാട് അദ്ദേഹം ഭരണാധികാരിയായ സന്ദർഭത്തിലും അല്ലാത്ത കാലത്തും പ്രകടിപ്പിച്ചു എന്നതാണ് വസ്തുത.

വികസന രംഗത്ത് നമുക്ക് നേടിതന്നിട്ടുള്ള നേട്ടങ്ങൾ വളരെ വലുതാണ്. സ്വാതന്ത്ര്യാനന്തര കേരളത്തിൽ വികസന രംഗത്ത് നമുക്ക് നഷ്ടങ്ങളുടെ കഥയേയുള്ളു. അതിൽ നിന്നും വ്യത്യസ്തമായ ഒരു ചരിത്രം രചിച്ചത് കെ. കരുണാകരനാണ്.

---

1. *Ibid.*, p.9.

[2]നെടുമ്പാശ്ശേരി വിമാനത്താവളം, കൊച്ചി അന്താരാഷ്ട്ര സ്റ്റേഡിയം, ചല ച്ചിത്ര വികസന കോർപ്പറേഷൻ കേരളത്തിൽ സ്ഥാപിക്കുന്നതിന് താൽപ്പര്യം എടുത്തതും നിർബന്ധബുദ്ധിയോടെ നടപ്പാക്കിയതും അദ്ദേഹമാണ്. അതുപാലെ 1993–ൽ കെ. കരുണാകരൻ മന്ത്രിസഭ കേരളത്തിൽ നടപ്പിലാക്കിയ വളരെ മനോ ഹരമായ ആശയങ്ങളിൽ ഒന്നായിരുന്നു ചിങ്ങം ഒന്നിന് കർഷക ദിനമായി ആച രിക്കൽ. അന്ന് ശ്രീ. പി.പി. ജോർജ് കൃഷിമന്ത്രിയായിരുന്നു. [3]പയ്യാരം മെഡി ക്കൽകോളേജ്, ഇടുക്കി പദ്ധതി, കൊച്ചിയിൽ കപ്പൽശാല നിർമ്മാണം, സാംസ്കാ രിക രംഗത്ത് അവശകലാകാരന്മാർക്കും പത്രപ്രവർത്തകർക്കും പെൻഷൻ, ഫീച്ചർ സിനിമകൾക്ക് സബ്സിഡി, പ്രസ് അക്കാദമി സ്ഥാപനം, സൈലന്റ്‌വാലി പദ്ധതിയുടെ റിപ്പോർട്ട് തുടങ്ങി ദ്വീപസമൂഹങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഗോശ്രീ പദ്ധതി, വീക്ഷണം പത്രത്തിന്റെ ഉദ്ഘാടനം അങ്ങനെ ഒട്ടനവധി വിക സന പ്രവർത്തനങ്ങൾക്ക് നായകത്വം നൽകാൻ അദ്ദേഹത്തിനു സാധിച്ചത് എതിർപ്പുകളെ നിഷ്പ്രയാസം അവഗണിച്ചതിന്റെയും നേർപതിപ്പുകളാണ്.

[4]അതുപോലെ 1994–ൽ രാജ്യത്ത് മഹാത്മജിയുടെ സ്വപ്നം യാഥാർത്ഥ്യ മാക്കുന്ന പഞ്ചായത്ത്‌രാജ് ബില്ല്, നഗരസഭാ ബില്ല് എന്നിവ തയ്യാറാക്കാനും നിയ മസഭയിൽ അംഗീകരിപ്പിച്ച് പാസ്സാക്കാനും കഴിഞ്ഞത് കേരള രാഷ്ട്രീയ ചരിത്ര ത്തിലെ ഒരു അധ്യായമാണ്. ഇന്ന് ഏറ്റവും നല്ല പഞ്ചായത്തീരാജ് നിയമം നടപ്പി ലാക്കിയ ഒരു സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കാൻ കഴിഞ്ഞതിന്റെ ഒരു തുടക്കമായിരുന്നു അത് എന്നുള്ള കാര്യവും ഓർക്കേണ്ടതാണ്.

## ഫ്രീ നക്സലൈറ്റ് സ്റ്റേറ്റ്

കെ. കരുണാകരന്റെ ഭരണരംഗത്തെ ഏറ്റവും വലിയ ഭരണനേട്ടങ്ങളിൽ ഒന്ന്. നക്സൽ ഭീഷണിയിൽ നിന്നും കേരള സംസ്ഥാനത്തെ രക്ഷിച്ചു എന്നു ള്ളതാണ്. 1960–കളുടെ അവസാനം പശ്ചിമ ബംഗാളിലും കേരളത്തിലും ഉയർന്ന നക്സൽ ഭീഷണിക്കെതിരെ 1970–ൽ ആഭ്യന്തര മന്ത്രിയായ കെ. കരുണാകരൻ പോലീസിനെ വിശ്വാസത്തിൽ എടുത്തുകൊണ്ട് ജനപിന്തുണയോടുകൂടിയാണ് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചത്. പശ്ചിമബംഗാളിനു ശേഷം മറ്റ് പല സംസ്ഥാനങ്ങൾക്കുകൂടി നക്സൽ ഭീഷണിയിൽ വഴുതി വീണപ്പോഴും നമ്മൾ

2. Chief Minister and Leader of Opposition in Kerala, Biographical Sketches and other Data, Secretariat of the Kerala Legislative, Thiruvananthapuram, 2006, p.21

3. *Ibid*., p.16.

4. കേരള നിയമസഭാ നടപടികൾ, ഔദ്യോഗിക റിപ്പോർട്ട്, Library Archives Kerala Legislative Assembly, തിരുവനന്തപുരം, 2010,p.2

അതിൽ നിന്നും മോചനം നേടി എന്നുള്ളതാണ് എടുത്തു പറയേണ്ടതും സമാധാനപരമായി ജീവിക്കാനുള്ള സാഹചര്യം സൃഷ്ടിച്ചു എന്നുള്ളതിൽ കെ. കരുണാകരന്റെ പങ്ക് വലുതാണ്.

**അടിയന്തരാവസ്ഥ കാലം**

രണ്ട് ദശാബ്ധകാലം കേരള രാഷ്ട്രീയത്തിലെ മുടിചൂടാമന്നനായിരുന്നു ശ്രീ. കെ. കരുണാകരൻ. [5]അതോടുകൂടി നാൽപ്പത് വർഷക്കാലം കേരളത്തിലെ കോൺഗ്രസ് രാഷ്ട്രീയത്തെ അഭിമുഖീകരിച്ച ആന്റണി കരുണാകരൻ കാലം അവസാനിക്കുകയും തുടർന്ന് ഉമ്മൻചാണ്ടി ഉയർന്നു വന്നതുമാണ് ഈ കാലഘട്ടത്തിലെ കാഴ്ച.

അടിയന്തരാവസ്ഥ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ പ്രധാനമന്ത്രിയുടെ പ്രതിനിധിയായി മാറി കരുണാകരൻ എന്ന ആഭ്യന്തര മന്ത്രി. കേരള പോലീസ് കരുണാകരന്റെ പോലീസ് എന്ന വിളിപ്പേര് സൃഷ്ടിച്ചു. അടിയന്തരാവസ്ഥ നടത്തിപ്പിന് പോലീസ് പ്രത്യേക വിഭാഗം ഉണ്ടായി. പ്രത്യേക ക്യാമ്പുകൾ ഉണ്ടായി. ഈ കാലയളവിൽ ആണ് കേരളീയരെ പിടിച്ചു കുലുക്കിയ രാജൻ കേസ് ഉണ്ടാകുന്നത്.

**രാജൻ കേസ് :**

കേരള രാഷ്ട്രീയത്തെയും കരുണാകരനെയും പിടിച്ചുകുലുക്കിയ രാജൻ സംഭവം ഉണ്ടായത് അടിയന്തരാവസ്ഥ കാലത്ത് നക്സലൈറ്റുകൾ കേരളത്തിൽ പല അട്ടിമറി പ്രവർത്തനം നടത്തിയ സാഹചര്യത്തിലാണ് പോലീസ് പ്രവർത്തനം ഊർജ്ജസ്വലമാക്കിയത്. [6]അത് അതിരുവിട്ട് പോകുകയും നിരവധി ആളുകളുടെ മരണത്തിൽ കലാശിക്കുകയും ചെയ്തു. ആ സംഭവങ്ങൾ താൻ അറിഞ്ഞിരുന്നില്ല എന്നാണ് കരുണാകരൻ രാഷ്ട്രീയ നിരീക്ഷകനായ ചെറിയാൻ ഫിലിപ്പിനോടുള്ള സ്വകാര്യ സംഭാഷണത്തിൽ പറഞ്ഞിരുന്നതായി ചെറിയാൻ ഫിലിപ്പ് മാധ്യമത്തിനു നൽകിയ അഭിമുഖത്തിൽ പറയുന്നു.

കേരള രാഷ്ട്രീയത്തെയും കരുണാകരനെയും പിടിച്ചുകുലുക്കിയ രാജൻ സംഭവം ഉണ്ടായത് അടിയന്തരാവസ്ഥ കാലത്ത് നക്സലൈറ്റുകൾ കേരളത്തിൽ പല അട്ടിമറി പ്രവർത്തനം നടത്തിയ സാഹചര്യത്തിലാണ് പോലീസ് പ്രവർത്തനം

---

5. കെ. കരുണാകരൻ, പതറാതെ മുന്നോട്ട്, ആത്മകഥ, കോഴിക്കോട്, 2007, p.175.

6. *Ibid.*, p.8.

ഊർജ്ജസ്വലമാക്കിയത്. അത് അതിരുവിട്ട് പോകുകയും നിരവധി ആളുകളുടെ മരണത്തിൽ കലാശിക്കുകയും ചെയ്തു. ആ സംഭവങ്ങൾ താൻ അറിഞ്ഞിരുന്നില്ല എന്നാണ് കരുണാകരൻ രാഷ്ട്രീയ നിരീക്ഷകനായ ചെറിയാൻ ഫിലിപ്പിനോടുള്ള സ്വകാര്യ സംഭാഷണത്തിൽ പറഞ്ഞിരുന്നതായി ചെറിയാൻ ഫിലിപ്പ് മാധ്യമത്തിനു നൽകിയ ആഭിമുഖ്യത്തിൽ പറയുന്നു. 1977 മാർച്ചിൽ കെ. കരുണാകരനും സി.എച്ച്. മുഹമ്മദ് കോയയും മാത്രം അംഗങ്ങളായ മന്ത്രിസഭയാണ് അധികാരമേറ്റത്. ബജറ്റ് പാസാക്കിയിരുന്നില്ല. അതിനാൽ ധനകാര്യം സി.എച്ച്. നായിരുന്നു ബജറ്റ് അവതരണത്തിനായി നിയമസഭ ചേർന്നു. ഇതിനൊപ്പം മന്ത്രിസഭ വികസന ചർച്ചകളും നടന്നു. ഇതിനിടയിലാണ് ഈശ്വരവാര്യർ മകനെ കാണാനില്ലെന്ന ഹേബിയസ് കോർപ്പസ് ഹർജി നൽകുന്നത് അതിൽ ചീഫ് സെക്രട്ടറി, ആഭ്യന്തര സെക്രട്ടറി, ഐജി തുടങ്ങിയവരായിരുന്നു എതിർകക്ഷികൾ. ഇതുമായി സംബന്ധിച്ച ജനതാ പാർട്ടിയിലെ പി.കെ. ശങ്കരൻകുട്ടി നിയമസഭയിൽ അടിയന്തര പ്രമേയ നോട്ടീസ് നൽകി. [7]രാജൻ എന്നൊരു വിദ്യാർത്ഥി പോലീസ് കസ്റ്റഡിയിൽ ഇല്ലെന്നാണ് പോലീസ് റിപ്പോർട്ട് എന്ന് മുഖ്യമന്ത്രി മറുപടി നൽകി. നിയമസഭയിൽ തെറ്റായ വിവരമാണ് നൽകിയത് എന്ന് പറഞ്ഞ് ഇതിനുശേഷമാണ് പിറ്റേന്ന് കെ. കരുണാകരനെ കേസിൽ കക്ഷി ആക്കിയത്.

മന്ത്രിസഭാ വികസനം പൂർത്തിയാക്കി രണ്ടാം ദിവസമാണ് ഹൈക്കോടതിയുടെ ഉത്തരവ് വന്നത്. മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞത് വിശ്വസിക്കാൻ കഴിയില്ലെന്നും രാജനെ ഹാജരാകണമെന്നും ആയിരുന്നു ഉത്തരവ്. ഇല്ലെങ്കിൽ എന്തുകൊണ്ട് ഹാജരാക്കാൻ കഴിയില്ലെന്ന് വിശദീകരിക്കണമെന്നും പറഞ്ഞു. രാജനെ ആരോ ഒളിവിൽ പാർപ്പിച്ച് രാഷ്ട്രീയം കളിക്കുകയാണെന്ന് ആയിരുന്നു കെ. കരുണാകരൻ അന്ന് തോന്നിയിരുന്നത്. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി രാജിവെക്കണമെന്ന് 'വീക്ഷണം' ദിനപത്രം മുഖപ്രസംഗമെഴുതി. താൻ രാജിവെച്ചാൽ രാജൻ തിരിച്ചുവരുമെന്ന് കെ.കരുണാകരൻ വിശ്വസിച്ചു. ഈ കാര്യം കുടുംബാംഗങ്ങളുമായി ആലോചിച്ചു. അങ്ങനെയാണ് മുഖ്യമന്ത്രി സ്ഥാനം രാജിവച്ചത്. കെ.പി.സി.സി. പ്രസിഡന്റ് ആയിരുന്ന എ.കെ. ആന്റണി മുഖ്യമന്ത്രിയായി. രാജൻ കേസിൽ മുഖ്യമന്ത്രി സ്ഥാനം രാജിവെക്കരുത് എന്ന അഭിപ്രായമായിരുന്നു മുസ്ലീംലീഗിനും ആർ.എസ്.പി ക്കും

7. മാതൃഭൂമി, *Op.cit.*

കോടതിയിൽ കുറ്റപത്രം ഇല്ല. വിധിയും ഇല്ല. പിന്നെ എന്തിനാണ് രാജി എന്ന നിലപാടായിരുന്നു സി.എച്ചിനും ബേബി ജോണിനും. എന്നാൽ സി.പി.ഐക്ക് മറിച്ചായിരുന്നു അഭിപ്രായം.

തുടർന്നാണ് സുപ്രീംകോടതിയെ സമീപിച്ചത് ഹൈക്കോടതിയുടേത് പരാമർശം മാത്രമാണെന്നും ഹേബിയസ് കോർപ്പസ് തീർപ്പാക്കിയ ശേഷം വേണമെങ്കിൽ വീണ്ടും ഹർജി നൽകാമെന്നും സുപ്രീംകോടതി പറഞ്ഞു. അതിനുശേഷം കെ. കരുണാകരൻ ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകി. മുഖ്യമന്ത്രി എന്ന നിലയിൽ പോലീസിൽ നിന്നും ലഭിച്ച വിവരം ആണ് നിയമസഭയിൽ പറഞ്ഞതെന്നും ഹൈക്കോടതിയെ അറിയിച്ചു. ഹൈക്കോടതി കേസ് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിക്ക് വിട്ടു. ഇതേ തുടർന്ന് വീണ്ടും സുപ്രീം കോടതിയെ സമീപിച്ചു. ഹൈക്കോടതിയുടെ പരാമർശം പരിഗണിക്കാതെ വിചാരണ തുടരാനാണ് സുപ്രീംകോടതി നിർദ്ദേശിച്ചത്.

കുറ്റവിമുക്തനാക്കിയാൽ മുഖ്യമന്ത്രി സ്ഥാനം കെ.കരുണാകരന് തിരിച്ചു നൽകുമെന്ന് എ.കെ.ആന്റണി പ്രഖ്യാപിച്ചിരുന്നുവെങ്കിലും അത് വേണ്ടിവന്നിരുന്നില്ല. കാരണം വിചാരണ തുടരാനായിരുന്നു ഉത്തരവ്. പിന്നീടാണ് സി.ജെ. എം.കോടതി കരുണാകരനെ കുറ്റവിമുക്തനാക്കിയത്.

1977-ലെ തിരഞ്ഞെടുപ്പിൽ രാജ്യത്തിൽ വിപരീതമായി കേരളം വിധി എഴുതി. ലോകസഭയിൽ ഇരുപതിൽ ഇരുപതും നിയമസഭയിൽ നൂറ്റിപതിനൊന്നും കോൺഗ്രസിന്. കരുണാകരൻ ആദ്യമായി മുഖ്യമന്ത്രിയായി. [8]1977 മാർച്ച് 25-ന് സത്യപ്രതിജ്ഞ ചെയ്ത മുഖ്യമന്ത്രി പക്ഷെ മുപ്പത്തിമൂന്ന് ദിവസത്തിനു ശേഷം രാജി വെക്കേണ്ടതായി വന്നു. രാജൻ കേസായിരുന്നു കാരണം. ഏറ്റവും കുറച്ചുകാലം ഭരിച്ച മന്ത്രിസഭയ്ക്ക് നേതൃത്വം നൽകിയതിന്റെ റെക്കോർഡും അങ്ങനെ അദ്ദേഹത്തിന്റെ പേരിലായി.

## സി.പി.ഐ യും ആർ.എസ്.പി യും

സി.പി.ഐ ക്കും ആർ.എസ്.പി ക്കും കോൺഗ്രസുമായി നേരിട്ട് ബന്ധമുണ്ടായിരുന്നില്ല. അഖിലേന്ത്യ രാഷ്ട്രീയ നിലപാട് ആയിരുന്നു കാരണം. ഈ കരുണാകരനാണ് 1969-ൽ കോൺഗ്രസുമായി അടിപ്പിക്കുന്നത്. [9]എന്നാൽ സി.

8. *Op.cit.*, p.3

9. വീക്ഷണം, 24, ഡിസംബർ 2010, p.1.

പി.ഐ യിലെ ചിലരുമായി കെ. കരുണാകരൻ പിന്നീട് നല്ല ബന്ധമുണ്ടായിരുന്നില്ല. പ്രത്യേകിച്ച് വെളിയം ഭാർഗവൻ ഏകോപന സമിതിയിൽ എത്തിയശേഷം. ഇത് പിന്നീട് ഡി.ഐ.സി യുടെ ഇടതുമുന്നണിയിൽ ഘടക കക്ഷിയാക്കുന്നതിനെ എതിർക്കുന്നതിലേക്ക് എത്തി. യു.ഡി.എഫ്-ലേക്ക് വന്നപ്പോൾ ഡി.ഐ.സി യുടെ നിലപാട് ചോദ്യം ചെയ്യപ്പെട്ടു. അടിത്തറ തകർന്നു. എന്തിനായിരുന്നു ഒമ്പത് എം. എൽ.എ-മാർ രാജിവെച്ചതെന്ന ചോദ്യമുയർന്നു. പരസ്പരം പോരടിച്ച് അവർ ഒന്നായപ്പോൾ ധാർമ്മികത ചോദ്യം ചെയ്യപ്പെട്ടു.

## ശത്രുക്കൾ സ്വന്തം തട്ടകത്തിൽ

കെ. കരുണാകരന് എന്നും ശത്രുക്കൾ സ്വന്തം പാളയത്തിൽ നിന്നു തന്നെയായിരുന്നു. രാജൻ കേസിൽ രാജി ആവശ്യപ്പെട്ടത് പാർട്ടി പത്രം ആയിരുന്നു. തട്ടിൽ കേസിൽ പാർട്ടികളുടെ പങ്കുണ്ട്. സ്വന്തം പാർട്ടിക്കാർ വടി കൊടുക്കുമ്പോൾ അത് എതിർ പാർട്ടിക്കാർ ഉപയോഗിച്ചു എന്ന് മാത്രം. കോൺഗ്രസിനകത്ത് നിന്ന് നേരിട്ട് ഒറ്റപ്പെടുത്തലും അപമാനിക്കാനുള്ള ശ്രമവും കുടുംബത്തിന്റെ സ്വകാര്യദുഃഖം ആയി കാണുകയാണ്. ഒരു പരസ്യ വിചാരണയില്ല. വിവാദം താങ്ങാനുള്ള ശേഷി കോൺഗ്രസിനില്ല. ഇപ്പോൾ മൂന്നാമതൊരു ശക്തി കൂടി ഉണ്ട്. ഒരു വിവാദം ഉണ്ടാക്കിയാൽ അതിന്റെ ക്ഷീണം കോൺഗ്രസിന് ആയിരിക്കും. അതിനാൽ പോസ്റ്റ്മോർട്ടത്തിനില്ല[10].

## കോൺഗ്രസ് പിളർപ്പ്

1977-ലെ കരുണാകരന്റെ രാജിക്കുശേഷം എ.കെ.ആന്റണി മുഖ്യമന്ത്രിയായി. 1978-ൽ പാർട്ടി ദേശീയതലത്തിൽ രണ്ടാമതും പിളർന്നു. കേരളത്തിലും പാർട്ടി പിളർന്നു. 18 എം.എൽ.എ. മാരുമായി കരുണാകരൻ അദ്ദേഹം നിലനിർത്തിയ ഐക്യമുന്നണിയിൽ നിന്ന് പുറത്തായി. ഇന്ദിരാഗാന്ധിയുടെ വിശ്വസ്തരിൽ ഒരാളായി കരുണാകരൻ ഇന്ദിരക്ക് ഒപ്പംതന്നെ നിന്നു. ആന്ററണി ഇന്ദിരവിരുദ്ധ ഔദ്യോഗികപക്ഷം. ആദ്യകാലങ്ങളിൽ ആന്റണിയോടൊപ്പം യുവാക്കളുടെ നിര തന്നെ ഉണ്ടായിരുന്നു. യുവനേതൃത്വം ആന്റണിയെ പിന്തുണച്ചപ്പോൾ വൃദ്ധന്മാരാണ് കരുണാകരന്റെ കൂടെ ഉണ്ടായിരുന്നത്. എന്നാൽ എഴുപത്തിയെട്ടിലെ ഭിന്നിപ്പിനുശേഷം തന്നോട് ഒപ്പം ചെറുപ്പക്കാരെ പൂർണ്ണ വിശ്വാസത്തിൽ എടുത്തു നിർത്തുകയും ഗ്രൂപ്പിൽ യുവാക്കളുടെ സാന്നിധ്യം ഉറപ്പിക്കാൻ കരുണാകരൻ ശ്രദ്ധിച്ചു. യുവ ചൈതന്യത്തിലൂടെ തന്റെ നേതൃത്വം ഉറപ്പിക്കാൻ കഴിഞ്ഞു എന്നുള്ളതാണ് കെ. കരുണാകരന്റെ ഏറ്റവും വലിയ ഗ്രൂപ്പ് തന്ത്രം.

10. ദേശാഭിമാനി, ഡിസംബർ, 24, 2010, p.1.

## കോൺഗ്രസ്സിനുള്ളിലെ ഗ്രൂപ്പിസം

വമ്പൻ രാഷ്ട്രീയ അട്ടിമറിക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ടായിരുന്ന അടിയന്തരാവസ്ഥകാലം മുതൽ കേരളത്തിലെ കോൺഗ്രസ്സിൽ സർവ്വ പ്രധാനി ആയിവാണ കരുണാകരന്റെ പതനത്തിന്റെ ആരംഭം. മകൻ കെ. മുരളീധരനെ തന്റെ രാഷ്ട്രീയ അനന്തരാവകാശിയാക്കി കരുണാകരൻ പ്രഖ്യാപിച്ചത് അക്കാലത്താണ്. തുടർന്ന് മരണത്തിന് അടുത്ത് എത്തിച്ച് ഒരു വലിയ വാഹനാപകടം, താൻ വളർത്തിയ ചില യുവ നേതാക്കളുടെ അകൽച്ച, ഹൈക്കമാന്റിൽ ഉള്ള പിടിയുടെ അവസാനം, മുഖ്യമന്ത്രിപദത്തിൽ നിന്ന് നിഷ്കാസനം, എല്ലാം എല്ലാമായിരുന്ന കോൺഗ്രസ് പാർട്ടിയിൽ നിന്ന് പടിയിറക്കം, മകനുമായി പിണക്കം, പുതിയ രാഷ്ട്രീയ പാർട്ടിയുടെ രൂപീകരണം, ഒടുക്കം സമസ്ത അപരാധവും പറഞ്ഞ് കോൺഗ്രസിലേക്ക് മടക്കം.

[11]ഗ്രൂപ്പിസവും ശൈലിമാറ്റവും ശക്തമാകുന്ന പശ്ചാത്തലത്തിലാണ് ചാരകേസ് വരുന്നത്. കരുണാകരന്റെ വിശ്വസ്തനായ രമൺ ശ്രീവാസ്തവയ്ക്ക് പങ്കുണ്ടെന്ന ആരോപണം ഉന്നയിക്കാൻ പ്രതിപക്ഷത്തോടൊപ്പം ആവേശം സ്വന്തം പക്ഷത്തുള്ളവർക്കായിരുന്നു. നേതൃത്വമാറ്റം എന്ന ആവശ്യം ശക്തമായി. ഒടുവിൽ 1995 മാർച്ച് 16–ന് രാജി. കേരളത്തിലെ കോൺഗ്രസ് ഗ്രൂപ്പുകളിയുടെ ഭാഗമായി കെ. കരുണാകരനെ മുഖ്യമന്ത്രി സ്ഥാനത്തുനിന്ന് അട്ടിമറിക്കാൻ ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ എ ഗ്രൂപ്പ് നടത്തിയ ആസൂത്രണ ശ്രമമാണ് കെ. കരുണാകരനോട് ചെയ്ത ഏറ്റവും വലിയ ചതി. കേരളത്തിൽ ആന്റണി വീണ്ടും മുഖ്യമന്ത്രിയായതോടെ കരുണാകരൻ തന്റെ താവളം ഡൽഹിയാക്കി.

1995–ലെ രാജിക്കുശേഷം കരുണാകരന്റെ പ്രഭ ക്രമേണ രാഷ്ട്രീയത്തിൽ കുറഞ്ഞുവരുന്നതാണ് കേരളം കണ്ടത്. ചുവടുകൾ പലതും പിഴച്ചു. കണക്കുകൂട്ടലുകൾ തെറ്റി. 1996–ൽ സ്വന്തം തൃശൂരിൽ നിന്ന് ലോകസഭയിൽ മത്സരിച്ച് തോറ്റു. ആ കൊല്ലം നിയമസഭ തിരഞ്ഞെടുപ്പിൽ യു.ഡി.എഫ് തോറ്റു. 2001–ൽ നിയമസഭ തിരഞ്ഞെടുപ്പിലൂടെ ഗ്രൂപ്പിസം അരങ്ങ് തകർത്തു. എ.കെ. ആന്റണി മുഖ്യമന്ത്രിയായും കെ. മുരളീധരൻ കെ.പി.സി.സി പ്രസിഡന്റുമായി.

കരുണാകരൻ വിമർശനങ്ങളും ആവശ്യങ്ങളുമായി സമ്മർദ്ദം കടുപ്പിച്ചു. [12]2003–ലെ രാജ്യസഭ തിരഞ്ഞെടുപ്പിൽ പുതിയ പൊട്ടിത്തെറി ഉണ്ടായി 2004 ലോകസഭ. തിരഞ്ഞെടുപ്പിൽ ജനം കോൺഗ്രസിന്റെ തമ്മിൽ തല്ലിന് മറുപടി നൽകി. ഈ രൂപത്തിൽ പത്തൊൻപതു സീറ്റും എൽ.ഡി.എഫിന്.

---

11. മലയാള മനോരമ, 23, ഡിസംബർ, 2010. p.1

12. *Ibid.*

ഉപതിരഞ്ഞെടുപ്പിൽ മുരളീധരൻ തോറ്റു. ആന്റണി രാജി വച്ചു. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായി. ഗ്രൂപ്പ് യുദ്ധത്തിലെ അവസാന ആയുധവും തീർന്നപ്പോൾ കരുണാകരൻ പുതിയ പാർട്ടി രൂപീകരിച്ചു. നാഷണൽ കോൺഗ്രസ് ഇന്ദിര.

കോൺഗ്രസിനുള്ളിലെ ഗ്രൂപ്പിസം കൊണ്ട് വേദനിച്ചിട്ടുള്ള ഒരാളാണ് ഞാൻ. എങ്കിലും ഗ്രൂപ്പിസം കോൺഗ്രസിനെ ശക്തിപ്പെടുത്തിയിട്ടെ ഉള്ളു എന്നും അതുപോലെ ഗ്രൂപ്പ് ഇല്ലാതെ എന്ത് രാഷ്ട്രീയം എന്ന പറഞ്ഞതും കെ. കരുണാകരൻ.

**ലീഡറിന്റെ സെക്കുലർ സമീപനം:**

കേരളത്തിന്റെ സമുദായ സൗഹൃദത്തിന്റെ ചരിത്രത്തിൽ കേരളത്തിന്റെ ഭരണാധികാരികളിൽ അനൽപ്പമായ പങ്കുവഹിച്ച വ്യക്തിത്വമാണ് ശ്രീ. കെ. കരുണാകരൻ. കേരളീയ സമൂഹത്തിൽ മതത്തിനുള്ള സ്വാധീനം, ജാതി ബോധം, വിശ്വാസം, ഇതിനെ എങ്ങനെ രാഷ്ട്രീയത്തിൽ പ്രയോഗിക്കാം എന്ന് പ്രായോഗികമായി അദ്ദേഹം നിരവധി പ്രവർത്തനങ്ങളിൽ കൂടി തെളിയിച്ചിട്ടുള്ള ഒരു കാര്യമാണ്. [13]ഞാൻ പ്രതിനിധാനം ചെയ്യുന്ന ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനോടും പാർട്ടി നേതാക്കളോടും അദ്ദേഹം വിട്ടുപിരിയുന്നതുവരെയും കാണിച്ച ബന്ധവും സ്നേഹവും ഒരിക്കലും മറക്കാൻ കഴിയില്ല എന്ന് ശ്രീ. സി.ടി. അഹമ്മദ് അലി പറയുന്നു.

കെ. കരുണാകരൻ തികഞ്ഞ ഒരു ഈശ്വര വിശ്വാസിയായിരുന്നു. മലയാള മാസം ഒന്നാം തീയതി കെ. കരുണാകരന്റെ പേരോട് കൂട്ടിചേർത്താണ് മലയാളി പത്രം വായിക്കാറ്. അങ്ങനെ തികഞ്ഞ ഈശ്വര വിശ്വാസിയായ ഒരാൾക്ക് എങ്ങനെ ഒരു തികഞ്ഞ സെക്കൂലർ ആകാൻ കഴിയും എന്നത് കേരളത്തിലെ ഏതെങ്കിലും ഒരു രാഷ്ട്രീയ നേതാവിനെ ചൂണ്ടിക്കാണിച്ചു കൊണ്ട് പറയാൻ നമുക്ക് കഴിയുമെങ്കിൽ അത് കെ. കരുണാകരനെ കുറിച്ചായിരിക്കും.

**നിലക്കൽ പ്രശ്നം:**

[14]1882 ഡിസംബർ 13-ന് ശബരിമലയ്ക്ക് ഇരുപത്തിമൂന്ന് കിലോമീറ്റർ അകലെയുള്ള വനപ്രദേശത്ത് തോമാസ്ലീഹ സ്ഥാപിച്ചത് ആയി അവകാശപ്പെടുന്ന ഒരു കുരിശ് പ്രത്യക്ഷപ്പെടുന്നു. അവിടെ വനത്തിനുള്ളിൽ പള്ളി പളിയുന്നതിന് ഉള്ള സ്ഥലം സർക്കാർ അനുവദിച്ചു. ഇതിന് എതിരെ ഹിന്ദു ഐക്യവേദിയുടെ

13. മാധ്യമം, 5, ജൂലൈ, 2010. p.6

14. E.K. Nayanar, My Struggle: An Autobiography (Eng) 1982, p.65.

ആഭിമുഖ്യത്തിൽ കൊച്ചിയിൽ വിശാലമായ ഹിന്ദു സർവ്വ സമ്മേളനം സംഘടിപ്പിച്ചു. മറുഭാഗത്ത് കേരള കത്തോലിക്ക കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ നിലയ്ക്കൽ ആക്ഷൻ കൗൺസിലും രൂപീകരിച്ചു. ഗുരുവായൂരിൽ എല്ലാ മലയാള മാസവും കൃത്യമായി ഒന്നാം തീയതി പതിവുപോലെ ദർശനത്തിനെത്തിയ മുഖ്യമന്ത്രി കരുണാകരനെ സ്ത്രീകൾ ഉൾപ്പെടുന്ന സംഘം ആക്രമിച്ചു. ഹിന്ദു വർഗ്ഗീയ സംഘടനകൾക്ക് കേരളത്തിൽ വേര് ഉറപ്പിക്കാൻ കിട്ടിയ വലിയ ഒരു സന്ദർഭമായി നിലയ്ക്കൽ പ്രശ്നം മാറി. ഈ സമരത്തിന്റെ മുഖ്യ സംഘാടകൻ എന്ന നിലയിലാണ് കുമ്മനം രാജശേഖരനെ ആദ്യമായി പൊതുരംഗത്ത് പ്രത്യക്ഷപ്പെടുന്നത്. വിവാദ പ്രദേശത്തിന് പുറത്ത് പള്ളിക്ക് സ്ഥലം അനുവദിച്ച് പ്രശ്നം പരിഹരിച്ചെങ്കിലും ആ വിവാദം ഉണ്ടാക്കിയ വിഷവിത്തുകൾ കേരളത്തിൽ നിന്നും കാണാം.

[15]തികഞ്ഞ ഗുരുവായൂർ ഭക്തനായിരുന്ന കെ. കരുണാകരന്റെ ഗുരുവായൂർ യാത്രയെക്കുറിച്ച് കെ.ആർ. ഗൗരിയമ്മ നിയമസഭയിലും പുറത്തും എത്രയോ വിമർശിച്ചു. അവരുടെ കയ്യിൽ ഗുരുവായൂരപ്പന്റെ പ്രസാദം കൊടുക്കാൻ എനിക്ക് യോഗമുണ്ടായി എന്ന് കരുണാകരൻ അദ്ദേഹത്തിന്റെ ആത്മകഥയിൽ പറയുന്നു.

## ലീഡറിന്റെ രണ്ടാം വരവ്

1967-ൽ മാളയിൽ നിന്ന് ലീഡറിന്റെ രണ്ടാം ജയം. 133 അംഗ നിയമസഭയിൽ ഇ.എം.എസ്-ന്റെ നേതൃത്വത്തിൽ ഉള്ള സപ്ത മുന്നണി 113 സീറ്റ് നേടി അധികാരത്തിൽ എത്തി. 9 കോൺഗ്രസ് അംഗങ്ങളുമായി കെ. കരുണാകരൻ പ്രതിപക്ഷ നേതാവായി. എങ്കിലും നിയമസഭയ്ക്ക് അകത്തും പുറത്തും അദ്ദേഹം ആഞ്ഞടിച്ചു. സപ്ത മുന്നണിക്കുള്ളിലെ ആഭ്യന്തര പ്രശ്നങ്ങൾ സമർത്ഥമായി മുതലെടുത്ത് കെ. കരുണാകരൻ 1969 നവംബറിൽ ഇ.എം.എസ് മന്ത്രി സഭ രാജി വെച്ചപ്പോൾ ബദൽ സർക്കാർ ഉണ്ടാക്കാനുള്ള നീക്കങ്ങൾ നടത്തി. സി. അച്യുത മേനോൻ മുഖ്യമന്ത്രിയായി. കോൺഗ്രസ് പാർട്ടി അച്യുതമേനോൻ മന്ത്രിസഭയ്ക്ക് പിന്തുണ നൽകി. ഐക്യജനാധിപത്യ മുന്നണിയുടെ പിറവിക്ക് നേതൃത്വം കൊടുക്കാനുള്ള നിയോഗമായിരുന്നു കരുണാകരന് ഉണ്ടായിരുന്നത്. 1970 സെപ്റ്റംബറിൽ നിയമസഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ ഐക്യമുന്നണിയെ അദ്ദേഹം നയിച്ച് വിജയ സോപാനത്തിലേറ്റി. 32 സീറ്റുമായി ആദ്യം മന്ത്രിസഭയ്ക്ക് പുറമേ നിന്ന് പിന്തുണ നൽകിയ കോൺഗ്രസ് 1921 സെപ്റ്റംബറിൽ മന്ത്രിസഭയിൽ ചേർന്നു. കെ. കരുണാകരൻ ആഭ്യന്ത മന്ത്രിയായി അധികാരമേറ്റു.

15. എ. ശ്രീധര മേനോൻ, കേരള രാഷ്ട്രീയ ചരിത്രം, 1885-1957, ഡിസി ബുക്സ്, p.32

അച്യുതമേനോൻ മന്ത്രിസഭ കേരളത്തിൽ ആദ്യമായി കാലാവധി പൂർത്തിയാക്കിയ മന്ത്രിസഭ ആയിത്തീർന്നു. 1977 മാർച്ചിൽ അടിയന്തരാവസ്ഥയ്ക്കു ശേഷം നടന്ന തിരഞ്ഞെടുപ്പിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നു വ്യത്യസ്തമായി കേരളത്തിൽ കെ. കരുണാകരന്റെ നേതൃത്വത്തിൽ ഐക്യമുന്നണി ഭൂരിപക്ഷം നേടി. 1977 മാർച്ച് 25-ന് കെ. കരുണാകരൻ മുഖ്യമന്ത്രി ആയെങ്കിലും രാജൻ കേസിലെ ഹൈക്കോടതി പരാമർശംമൂലം ഏപ്രിൽ 25-ന് രാജി വെക്കേണ്ടത് ആയിവന്നു. പിന്നീട് കോടതി അദ്ദേഹത്തെ കുറ്റവിമുക്തനാക്കി. 1980-ലെ പൊതു തിരഞ്ഞെടുപ്പിൽ മാളയിൽ നിന്നും ജയിച്ച കെ. കരുണാകരൻ പ്രതിപക്ഷനേതാവായി. 1981 ഡിസംബർ 28-ന് മുഖ്യമന്ത്രിയായി ബദൽ മന്ത്രിസഭ രൂപീകരിച്ചു. സ്പീക്കറുടെ കാസ്റ്റിംഗ് വോട്ടിന്റെ പിൻബലത്തോടെ നിലനിന്ന ആ മന്ത്രിസഭയും താമസിക്കാതെ നിലംപതിച്ചു. 1988-ലെ തിരഞ്ഞെടുപ്പിൽ യു.ഡി.എഫ് വീണ്ടും അധികാരത്തിലെത്തുകയും കെ. കരുണാകരൻ മൂന്നാം തവണ മുഖ്യമന്ത്രി ആവുകയും ചെയ്തു[16]. തികച്ചും അഞ്ചുവർഷം സംസ്ഥാനത്ത് ആദ്യമായി കാലാവധി പൂർത്തിയാക്കുന്ന കോൺഗ്രസ് മുഖ്യമന്ത്രി എന്ന ബഹുമതിയും കരുണാകരനെ തേടിയെത്തി. 1987-ലെ തിരഞ്ഞെടുപ്പിൽ ഇ.കെ.നായനാർ മുഖ്യമന്ത്രിയും കെ. കരുണാകരൻ പ്രതിപക്ഷ നേതാവുമായി. വീണ്ടും 1991-ലെ തിരഞ്ഞെടുപ്പിൽ മാളയിൽ നിന്നും എട്ടാംതവണയും ജയിച്ച കെ. കരുണാകരൻ മുഖ്യമന്ത്രിയായി.

## പുതിയ പാർട്ടി രൂപീകരണം

1992 ജൂൺ മൂന്നിന് നടന്ന ഗുരുതരമായ ഒരു വാഹന അപകടവും എല്ലാവരെയും അത്ഭുതപ്പെടുത്തിക്കൊണ്ടുള്ള സാധാരണ ജീവിതത്തിലേക്കുള്ള അദ്ദേഹത്തിന്റെ മടങ്ങിവരവും ഇക്കാലത്തായിരുന്നു[17]. ഒടുവിൽ പിന്നീട് കെട്ടുകഥ എന്ന് തെളിയിക്കപ്പെട്ട ചാരക്കേസിന്റെ പുകമറവിൽ സ്വന്തം പാർട്ടി പ്രവർത്തകരുടെയും വിശ്വസ്തർ എന്ന് കരുതിയവരുടെയും അവസരവാദിത്വം കാരണം 1995 മാർച്ച് 16-ന് അദ്ദേഹത്തിന്റെ മുഖ്യമന്ത്രിപദം ഒഴിയേണ്ടിവന്നു. പിന്നീട് അദ്ദേഹം രാജ്യസഭാംഗമായി. തുടർന്ന് വ്യവസായത്തിന് ചുമതലയുള്ള ക്യാബിനറ്റ് മന്ത്രിയായി കരുണാകരൻ നരസിംഹറാവു മന്ത്രിസഭയിൽ ചേർന്നു. 1996-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ തൃശൂരിൽ നിന്ന് ഒരിക്കൽകൂടി തോൽവി

16. മാധ്യമം, ഡിസംബർ 24, 2010, p.1

17. കേരള കൗമുദി, *Op.cit.*

ഏറ്റുവാങ്ങിയ കരുണാകരൻ 1998 തിരുവനന്തപുരത്തുനിന്നും 1995-1997, 1997-1998, 2004-2005 എന്നീ കാലഘട്ടങ്ങളിൽ കെ. കരുണാകരൻ രാജ്യസഭാംഗം ആയും പ്രവർത്തിച്ചു. ദേശീയ രാഷ്ട്രീയത്തിൽ നിന്നുള്ള പിൻവാങ്ങലും കോൺഗ്രസ് ഹൈക്കമാൻഡിൽ ക്രമേണ നഷ്ടപ്പെട്ട സ്വാധീനവും കോൺഗ്രസ് രാഷ്ട്രീയ ത്തിലെ ചേരിപ്പോരുമൂലവും നേരിടേണ്ടിവന്ന അവഗണനയും അതുപോലെ മക്കൾ രാഷ്ട്രീയത്തെ ചൊല്ലിയുള്ള വിവാദങ്ങളും കാരണം കോൺഗ്രസിൽ നിന്നും വിട്ട് 2005 മെയ് ഒന്നിന് ഡെമോക്രാറ്റിക് ഇന്ദിര കോൺഗ്രസ് എന്ന ഒരു പുതിയ പാർട്ടി രൂപീകരിക്കാൻ കെ. കരുണാകരൻ നിർബന്ധിതനായി.

നെഹ്റു കുടുംബവുമായി കരുണാകരൻ എന്നും അടുത്ത ബന്ധം പുലർത്തിയിരുന്നു. പ്രത്യേകിച്ചും ഇന്ദിരാഗാന്ധിയുമായി. ദേശീയ രാഷ്ട്രീയത്തിലും സംസ്ഥാന രാഷ്ട്രീയത്തിലും കെ. കരുണാകരൻ അപ്രതിരോധ്യമായ സാന്നിധ്യം അടയാളപ്പെടുത്തുന്ന ഒട്ടേറെ സന്ദർഭങ്ങൾക്ക് ഇന്ദിരാഗാന്ധി കാരണമായിത്തീർത്തി ട്ടുണ്ട്. അടിയന്തരാവസ്ഥ പ്രഖ്യാപനത്തിന് ഉപദേശം കൊടുത്തവരും അതിന്റെ ഗുണഭോക്താക്കളും 1977-ലെ തെരഞ്ഞെടുപ്പ് പരാജയത്തിന് ശേഷം ഇന്ദിരാഗാ ന്ധിയെ തള്ളിപ്പറഞ്ഞപ്പോൾ തന്റെ രാഷ്ട്രീയ സത്യസന്ധതയിൽ കെ. കരുണാക രൻ ഇന്ദിരാഗാന്ധിയുടെ ഒപ്പം ഉറച്ചുനിന്നു. 1978 കോൺഗ്രസ് പാർട്ടി പിളർപ്പിൽ പോലും കെ. കരുണാകരൻ ഇന്ദിരാഗാന്ധിയെ കൈവിട്ടില്ല. [18]ഇന്ദിരാ കോൺഗ്രസ് പുതിയ തിരഞ്ഞെടുപ്പ് ചിഹ്നം അന്വേഷിക്കുന്ന അവസരത്തിൽ കൈപ്പത്തി പുതിയ ചിഹ്നമായി നിർദ്ദേശിച്ചതും പാലക്കാട് കല്ലേക്കുളങ്ങര ഏമൂർ ഭഗവതി ക്ഷേത്രത്തിലെ കാണുവാൻ ഇന്ദിരാഗാന്ധിയെ ക്ഷണിച്ചതും കരുണാകരൻ ആയി രുന്നു. എന്നാൽ ഏറെക്കാലം പുതിയ പാർട്ടിയുടെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ ആവാതെ കോൺഗ്രസ്സിനുള്ളിൽ തന്നെ അദ്ദേഹം മടങ്ങിവന്നു. പിന്നീടുള്ള കാലം അദ്ദേഹം കോൺഗ്രസ് രാഷ്ട്രീയത്തിലും ജനങ്ങളുടെ പ്രശ്ന ങ്ങളിലും ഇടപെട്ട് സജീവ രാഷ്ട്രീയ പ്രവർത്തകന്റെ കുപ്പായം മരണംവരെ എടുത്തണിഞ്ഞു.

## കരുണാകരൻ എന്ന കൗശല ബുദ്ധിക്കാരൻ

മുതിർന്ന പത്രപ്രവർത്തകൻ കെ.എം.റോയ് അദ്ദേഹം മാതൃഭൂമിക്ക് നൽകിയ ലേഖനത്തിൽ കരുണാകരന്റെ കൗശലബുദ്ധിയെ കുറിച്ച് പറയുന്നു. 1985-ൽ കരുണാകരൻ മുഖ്യമന്ത്രിയായിരിക്കുമ്പോൾ കോട്ടയം ജില്ലയിലെ വൈക്കം

18. മലയാള മനോരമ, 23, ഡിസംബർ, 2010. p.1

കടുത്തുരുത്തി ഭാഗങ്ങളിൽ പെരുമഴ കാരണം വെള്ളംപൊങ്ങി നിൽക്കുന്നു. അന്ന് കെ.എം. റോയ് യു.എൻ.എ യുടെ റിപ്പോർട്ടറാണ്. അദ്ദേഹം വന്നാൽ ഗസ്റ്റ്ഹൗസിൽ ചെല്ലുമ്പോൾ അന്നത്തെ കേന്ദ്ര കൃഷിവകുപ്പ് മന്ത്രി ഭൂട്ടാൻസിംഗും മുഖ്യമന്ത്രിയായിരുന്ന കരുണാകരനൊപ്പം ഉണ്ടായിരുന്നു. കേരളത്തിലെ വെള്ള പ്പൊക്ക കെടുതികൾ കാണാൻ കേന്ദ്രമന്ത്രി ഡൽഹിയിൽ നിന്നും എത്തിയിരിക്കു കയാണ്. ഇന്ത്യൻ നേവിയുടെ ഹെലികോപ്റ്ററിൽ കരുണാകരനും ഭൂട്ടാസിംഗും വെള്ളപ്പൊക്ക കെടുതികൾ കാണാൻ പോവുകയാണെന്ന് അദ്ദേഹത്തോട് പറ ഞ്ഞതായി പറയുന്നു. വൈക്കത്തെ വെള്ളപ്പൊക്കം കാണാൻ കാറിൽ പോയാൽ പോരെ എന്തിനാണ് ഹെലികോപ്റ്ററിൽ പോകുന്നത് എന്ന ചോദ്യത്തിന് കരുണാ കരൻ കണ്ണിറുക്കി കാണിച്ചുകൊണ്ട് പറഞ്ഞു, താൻ എന്താണ് പറയുന്നത് വൈക്കത്ത് എന്ത് വെള്ളപ്പൊക്കം. കാലിന്റെ കണ്ണോളം വെള്ളം പൊങ്ങിയതിനെ യാണ് നിങ്ങൾ പത്രക്കാർ വെള്ളപ്പൊക്കം ആക്കി വെച്ചിരിക്കുന്നത്. ഗ്രാമങ്ങൾ പോലും വെള്ളപ്പൊക്കത്തിൽ ഒലിച്ചുപോകുന്നത് ഉത്തരേന്ത്യയിൽ കണ്ടിട്ടുള്ള ഭൂട്ടാസിംഗ് വൈക്കത്ത് കാല് കണ്ണോളം വെള്ളം പൊങ്ങിയതിന് നാല് കാശ് അനുവദിക്കുമോ? ഞാൻ ഹെലികോപ്റ്ററിൽ കയറ്റി ഇദ്ദേഹത്തെ കുട്ടനാട്ടിലെ ആർ ബ്ലോക്ക് മേഖലയിൽ കൊണ്ടുപോയി കാണിക്കാൻ പോവുകയാണ്. അങ്ങനെ ഹെലികോപ്റ്റർ കുട്ടനാട്ടിലെ ആർ ബ്ലോക്ക് മേഖലയുടെ മുകളിലൂടെ പറന്നു. വിസ്തൃതമായ വേമ്പനാട്ടുകായലിൽ കരിങ്കൽ ചിറകെട്ടി വെള്ളം പമ്പ് ചെയ്യു ന്നത് വറ്റിച്ച് നൂറുകണക്കിന് ഏക്കർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്ന സ്ഥലമാണ് ആർ ബ്ലോക്ക് പാടശേഖരം. മഴക്കാലത്ത് കൃഷി ചെയ്യാത്തതുമൂലം പാടശേഖര ങ്ങൾ വെള്ളത്തിൽ മുങ്ങിക്കിടക്കുകയായിരുന്നു[19]. കരിങ്കല്ലുകൊണ്ട് കെട്ടിയ വര മ്പിൽ നട്ടിരുന്ന തെങ്ങുകൾ മാത്രം വെള്ളത്തിൽ തലയുയർത്തി നിൽക്കു ന്നുണ്ടാകും. ഹെലികോപ്റ്ററിൽ ഇരുന്ന് ഇതുകണ്ട ഭൂട്ടാസിംഗ് വീടുകളൊക്കെ എവിടെപ്പോയി എന്ന ചോദ്യത്തിന് കരുണാകരൻ നൽകിയ മറുപടി വീടുകളെല്ലാം വെള്ളത്തിനടിയിൽ മുങ്ങിയിരിക്കുന്നു എന്നായിരുന്നു. ആ ദാരുണദൃശ്യം കണ്ട പ്പോൾ ഭൂട്ടാസിംഗിന്റെ  കണ്ണ് നിറഞ്ഞുകാണും. എന്തായാലും വൈക്കത്തെ വെള്ള പ്പൊക്കം കാണാൻ ഹെലികോപ്റ്ററിൽ പറന്ന ഭൂട്ടാസിംഗ് എറണാകുളം ഗസ്റ്റ്ഹൗ സിൽ എത്തിയ ഉടനെ പത്രസമ്മേളനത്തിൽ കേരളത്തിലെ വെള്ളപ്പൊക്ക കെടു തിക്ക് 36 കോടി രൂപ അനുവദിച്ചതായി പ്രഖ്യാപിച്ചു. ഇത് കെ. കരുണാകരന്റെ ബുദ്ധികൊണ്ട് മാത്രം ആണ് ലഭിച്ചത്[20].

19. കെ. കരുണാകരൻ, *Op. cit*, p.20.

20. *Ibid*.

## ഡോ. സുകുമാർ അഴീക്കോടിന്റെ കാഴ്ചപ്പാടിൽ ലീഡർ

കേരള രാഷ്ട്രീയത്തിൽ കെ. കരുണാകരനെപോലെ ഒരു അതികായകൻ വേറെ ഉണ്ടായിട്ടില്ല. കേരള ചരിത്രത്തിൽ തന്നെ അവിസ്മരണീയമായ വ്യക്തിത്വത്തിന് ഉടമയാണ് കെ. കരുണാകരൻ. തുടക്കം മുതൽ അദ്ദേഹത്തെ വിമർശിച്ചിട്ടുള്ള ഒരാളാണ് ഞാൻ. എന്നാൽ അന്തിമവിശകലനത്തിൽ കേരളത്തെ വളരെയേറെ മുന്നോട്ടുകൊണ്ടുപോയ ഭരണാധികാരിയാണ് കെ. കരുണാകരൻ എന്ന് കാണാം. അദ്ദേഹത്തെ അതികായകൻ എന്ന് വിശേഷിപ്പിക്കുന്നതിലൂടെ അർത്ഥമാക്കുന്നത് 100% വിജയിച്ചു എന്നല്ല, അദ്ദേഹം ഒരു പ്രേരണ ശക്തി ആയിരുന്നു എന്നാണ്. രാഷ്ട്രീയത്തിൽ എന്നും ഒരു ഉറച്ച നിലപാട് സ്വന്തമായി ഉണ്ടായിരുന്നു. അവയോട് എപ്പോഴും കൂറ് പുലർത്താൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

അദ്ദേഹത്തിന് പറ്റിയ പിശക് അദ്ദേഹത്തിന്റെ ലൈഫ് സ്റ്റൈൽ ആയിരുന്നു എന്ന് എനിക്ക് തോന്നിയിട്ടുണ്ട്. വ്യക്തിപരമായ ചില ദൗർബല്യങ്ങളാണ് ജീവിതത്തിൽ അദ്ദേഹത്തിന് അവകാശപ്പെട്ട സ്വസ്ഥത നഷ്ടമായതിന് പിന്നിൽ എന്ന് ഞാൻ വിശ്വസിക്കുന്നു. പക്ഷേ അതിലൊന്നും പതറാത്ത, തോൽപ്പിക്കാൻ ആവാത്ത വ്യക്തിയായിരുന്നു കരുണാകരൻ. ഈ കാലത്ത് കരുണാകരനെപ്പോലെ ഒരു രാഷ്ട്രീയ നേതാവ് ഇല്ലെന്ന് പറയാം[21].

അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതത്തിൽ കരിനിഴൽ വീഴ്ത്തിയ സംഭവം രാജൻ കേസ് ആയിരുന്നു. ഈ കേസിൽ ചരിത്രം കെ. കരുണാകരനോട് ചെയ്തത് അനീതിയാണ്. വ്യക്തിപരമായി കരുണാകരൻ ഒരു കൊലപാതകത്തിന് കൂട്ടുനിൽക്കുന്ന ആളല്ല. എന്നിട്ടും വർഷങ്ങളോളം കരുണാകരൻ വേട്ടയാടപ്പെട്ടു. തനിക്ക് ശരിയെന്ന് തോന്നുന്ന ഏത് തീരുമാനവും നടപ്പാക്കാനുള്ള ഇച്ഛാശക്തി പ്രകടിപ്പിച്ച രാഷ്ട്രീയക്കാരനും ഭരണാധികാരിയുമായിരുന്നു കരുണാകരൻ[22]. അതുകൊണ്ട് എന്തെങ്കിലും ദോഷം ഉണ്ടെങ്കിൽപോലും കൂസലില്ലാതെ അത് നേരിടാൻ കരുണാകരൻ തയ്യാറായിരുന്നു. ഭാവി കേരളം അദ്ദേഹത്തെ ഓർമ്മിക്കുന്നത് ഈ സവിശേഷത കൊണ്ടാവും.

മുഖ്യമന്ത്രിയായപ്പോൾ കേരളത്തിന്റെ വികസനത്തിന് നാഴികക്കല്ലായ ഒട്ടേറെ പ്രവർത്തനങ്ങൾ കാലത്തിന്റെ കനക ലിപികളിൽ ആലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. ജീവിച്ചിരിക്കുമ്പോൾ ഒട്ടേറെ വിമർശനങ്ങൾക്ക് ഇരയായിട്ടുള്ള കരുണാകരനെ

21. കെ. കരുണാകരൻ, *Op. cit*, p.20.

22. *Ibid*.p., 220

ശരിക്കും വിലയിരുത്തിയാൽ അതികായകൻ എന്ന വിശേഷണം ഏറെ ഉചിതമായി കാണാം.

## കേരള രാഷ്ട്രീയത്തിലെ റെക്കോർഡുകൾ

* [23]ഏറ്റവും കൂടുതൽ തവണ മുഖ്യമന്ത്രി.
* ഏറ്റവും കൂടുതൽ കാലം ഭരിച്ച കോൺഗ്രസ് മുഖ്യമന്ത്രി.
* നിയമസഭയുടെ കാലാവധി തികച്ചു ഭരിച്ച ആദ്യ കോൺഗ്രസ് മുഖ്യമന്ത്രി.
* കൊച്ചി, തിരു-കൊച്ചി, കേരള നിയമസഭകളിലും രാജ്യസഭയിലും ലോക്സഭയിലും അംഗമായ ഒരേയൊരു വ്യക്തി.
* പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ ചുമതല വഹിച്ച ഏക മുഖ്യമന്ത്രി.

## കെ. കരുണാകരൻ (1918–2011)

1918 ജൂലൈ അഞ്ചിന് ജനനം കണ്ണൂരിലെ ചിറക്കലിൽ
1936 ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ അംഗത്വം
1942 ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനത്തിൽ പങ്കെടുത്തു
1945 തൃശൂർ മുനിസിപ്പൽ കൗൺസിൽ അംഗം
1948 കൊച്ചി നിയമസഭാംഗം
1952–54 തിരു-കൊച്ചി നിയമസഭാംഗം
1954 അമ്മാവന്റെ മകൾ ആയ കല്യാണിക്കുട്ടി അമ്മയുമായി വിവാഹം
1965 മാളയിൽ നിന്ന് ആദ്യമായി കേരള നിയമസഭയിലേക്ക്
1967 ഒമ്പത് അംഗ കോൺഗ്രസ് നിയമസഭാകക്ഷി നേതാവ്
1969 കോൺഗ്രസ് പ്രവർത്തക സമിതി അംഗം
1971–77 അച്യുതമേനോൻ മന്ത്രിസഭയിൽ ആഭ്യന്തരമന്ത്രി
1977 മാർച്ച് 25-ന് ആദ്യതവണ കേരള മുഖ്യമന്ത്രിയായി
1993 മാർച്ച് 25 കല്യാണിക്കുട്ടി അമ്മയുടെ മരണം
1995 മാർച്ച് 22 മുഖ്യമന്ത്രിപദം ഒഴിഞ്ഞു
1995–96 കേന്ദ്ര വ്യവസായ മന്ത്രി
1955–97 രാജ്യസഭാംഗം
1996 തൃശൂരിൽ നിന്ന് ലോക്സഭയിലേക്ക്
1998 മുകുന്ദപുരം എന്ന ലോക്സഭാംഗം
2005 മെയ് ഒന്നിന് നാഷണൽ കോൺഗ്രസ് ഇന്ദിര രൂപീകരണം
2008 കോൺഗ്രസിലേക്ക് മടക്കം
2010 ഡിസംബർ 23 വ്യാഴാഴ്ച വൈകിട്ട് അന്തരിച്ചു.

23. മാധ്യമം, ഡിസംബർ 24, 2010, p.1

# ഉപസംഹാരം

കെ. കരുണാകരൻ കേരളത്തിന്റെ മുൻ മുഖ്യമന്ത്രി മാത്രമല്ല കേരളത്തിന്റെ ലീഡർ എന്നു കൂടിയാണ് അറിയപ്പെട്ടിരുന്നത്. ചിത്രകാരനായി ആരംഭിച്ച അദ്ദേഹത്തിന്റെ ജീവിതം അവസാനിച്ചപ്പോൾ ചരിത്രത്തിന്റെ ഭാഗമായി മാറിയിരിക്കുകയാണ്. നിർഭയനായ ഭരണാധികാരി, ശക്തനായ രാഷ്ട്രീയ തന്ത്രജ്ഞൻ, പ്രായോഗിക രാഷ്ട്രീയത്തിന്റെ പ്രയോക്താവ്, മുന്നണി രാഷ്ട്രീയ രസതന്ത്രത്തിന്റെ മർമ്മം അറിഞ്ഞ തന്ത്രശാലി എന്നിങ്ങനെ കരുണാകരനെക്കുറിച്ച് പറയാൻ നിരവധി വിശേഷണങ്ങളുണ്ട്.

പൊതുപ്രവർത്തകനും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന കെ. കരുണാകരൻ അഥവാ കണ്ണോത്ത് കരുണാകരൻ മാരാർ നാലുതവണ കേരള മുഖ്യമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവും ഐക്യജനാധിപത്യ മുന്നണിയുടെ മുഖ്യ ശിൽപ്പിയുമായിരുന്നു. ലീഡർ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഇദ്ദേഹം സ്വാതന്ത്ര്യസമരത്തിലും പങ്കെടുത്ത് ജയിൽവാസം അനുഭവിക്കുകയും തുടർന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനുവേണ്ടി തന്റെ കഴിവും കരുത്തും പ്രയോഗിക്കാൻ മുന്നോട്ട് വരികയും ചെയ്തു.

1918 ജൂലൈ 5 തെക്കേടത്ത് രാമുണ്ണി മാരാരുടെയും കണ്ണോത്ത് കല്യാണി അമ്മയുടെയും മകനായി കണ്ണൂരിലെ ചിറക്കലിൽ ജനിച്ച കരുണാകരൻ ജന്മം കൊണ്ട് ജന്മിയും കർമ്മംകൊണ്ട് തൊഴിലാളിയുമായിരുന്നു. അന്നത്തെ ബ്രിട്ടീഷ് മലബാർ സർക്കാർ ഉദ്യോഗസ്ഥൻ ആയിരുന്നു അദ്ദേഹത്തിന്റെ പിതാവ്. വിവിധ സ്ഥലങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം അനുഷ്ഠിക്കേണ്ടിവന്ന കരുണാകരൻ സ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ മാരാർ എന്ന ജാതിപ്പേര് ഉപയോഗിക്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. ഇത് അദ്ദേഹത്തിന്റെ ജാതിയതക്ക് ഉള്ള പോരാട്ടത്തിന്റെ ആദ്യ ചുവടുവയ്പ്പായിരുന്നു.

ജനിച്ചത് കണ്ണൂരിൽ ആണെങ്കിലും രാഷ്ട്രീയ നേതാവ് എന്ന നിലയിൽ അദ്ദേഹം വളർച്ച നേടിയത് തൃശൂരിൽ എത്തിയതോടെയാണ്. തൃശൂരിലേക്കുള്ള അദ്ദേഹത്തിന്റെ കടന്നുവരവ് ചിത്രരചന പഠിക്കാൻ ആയിരുന്നെങ്കിൽപോലും പിന്നീട് ട്രേഡ് യൂണിയൻ തൊഴിലാളി നേതാവ് ആയി മാറുകയും ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിൽ കാണിച്ച താൽപ്പര്യമായിരുന്നു പിന്നീട് ഐ.എൻ.ടി.യു.സിയുടെ സ്ഥാപക നേതാവായി കരുണാകരൻ മാറി. പിന്നീട് തൃശൂർ നഗരസഭയിൽ

അംഗമായതോടെ അധികാരത്തിലേക്കുള്ള പടയോട്ടം ആരംഭിച്ചു. 1957–ൽ ഐക്യകേരളത്തിലെ ആദ്യ നിയമസഭാ തിരഞ്ഞെടുപ്പിൽ തൃശൂരിൽ നിന്നാണ് കരുണാകരൻ മത്സരിച്ചത്. തുടർച്ചയായ വിജയങ്ങളും പരാജയങ്ങളും തൃശൂർ അദ്ദേഹത്തിന് നൽകി. തൃശൂർ ജില്ലയിലെ മാള നിയോജകമണ്ഡലത്തിൽ നിന്ന് ആദ്യമായി നിയമസഭയിൽ അംഗമായി. പിന്നീട് ഒൻപത് എം. എൽ.എ–മാർക്ക് ഒപ്പം കരുണാകരൻ കോൺഗ്രസിന്റെ നിയമസഭ കക്ഷി നേതാവായി. പിന്നീട് മൂക്കംകുത്തി വീഴാൻ തുടങ്ങിയ കോൺഗ്രസിനെ ഭൂരിപക്ഷത്തോടെ അധികാരത്തിലിരിക്കാൻ കാരണമായതും കെ. കരുണാകരൻ എന്ന കണ്ണോത്ത് കരുണാകരൻ ആയിരുന്നു.

പ്രതിബന്ധങ്ങളെയും പ്രതിസന്ധികളെയും എല്ലാം തന്നെ അദ്ദേഹം നേരിട്ടിരുന്നത് ശക്തനായ പോരാളി എന്ന നിലയിൽ തന്നെയാണ്. ഇന്ത്യയുടെ സാമൂഹിക–രാഷ്ട്രീയ വികസന ചരിത്രത്തോടൊപ്പം ദീർഘകാലം സഞ്ചരിച്ച ഒരു ദീഷണശാലിയായ പൊതുപ്രവർത്തകൻ തന്റെ വ്യക്തിജീവിതത്തിലും രാഷ്ട്രീയ പ്രവർത്തനങ്ങളിലും പ്രക്ഷുബ്ധമായ പങ്കാണ് വഹിച്ചത്.

കാസർഗോഡ്, പത്തനംതിട്ട എന്നീ ജില്ലകൾ അദ്ദേഹം മുഖ്യമന്ത്രിയായിരുന്നപ്പോൾ രൂപീകരിച്ചതാണ്. അതുപോലെ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, ഗുരുവായൂർ റെയിൽവേ ലൈൻ, നെടുമ്പാശ്ശേരി രാജ്യാന്തര വിമാനത്താവളത്തിന് രൂപം കൊടുത്തതും, കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയം, ഗോശ്രീപാലം പദ്ധതി, കായംകുളം എൻ.ടി.പി.സി, കൊച്ചിയിലെ രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയം എന്നിവയും അദ്ദേഹത്തിന്റെ ആശയങ്ങളായിരുന്നു. കേരളത്തെ വികസന മാതൃകയിൽ എത്തിക്കാനും അതുപോലെ കേരളത്തിന്റെ വികസന പ്രവർത്തനങ്ങളെക്കുറിച്ച് അദ്ദേഹത്തിന്റെ കാഴ്ചപ്പാട് ഒരു ചിത്രകാരൻ ഭാവനയിൽ കാണുന്ന കേരളമായിരുന്നു.

പലപ്പോഴും മാധ്യമങ്ങളെ നേരിടുമ്പോൾ അദ്ദേഹത്തിന്റെ ചടുലമായ മറുപടി, ചിരിയുടെ പ്രത്യേകതകൾ, ദ്വയാർത്ഥ പ്രയോഗങ്ങൾ മാത്രമല്ല കണ്ണിറുമ്മൽ പോലും മാധ്യമങ്ങൾക്ക് വിഭവങ്ങളായിരുന്നു. ഇത്തരത്തിൽ കേരള രാഷ്ട്രീയത്തിൽ നിറഞ്ഞുനിന്ന അദ്ദേഹം ജനകീയമായി ഏറ്റവും കൂടുതൽ ജനങ്ങളെ ആകർഷിച്ച നേതാക്കളിൽ ഒരാളായിരുന്നു.

കേരളത്തിലെ എല്ലാ മതസ്ഥരിലും കെ. കരുണാകരൻ ഒരുപോലെ സ്വാധീനം ചെലുത്താനും മറ്റു രാഷ്ട്രീയ പാർട്ടി നേതാക്കളിൽ നിന്നും വ്യത്യസ്തമായി ഒരു മതേതരത്വ നിലപാട് കാത്തുസൂക്ഷിക്കാനും സാധിച്ചിരുന്നു.

ഒരു സാധാരണക്കാരൻ എന്ന നിലയിൽ നിന്നും കഠിന അദ്ധ്വാനത്തിലൂടെ കേരള രാഷ്ട്രീയത്തിന്റെ അവിഭാജ്യ ഘടകമായി തീർന്ന കെ. കരുണാകരനെ കോൺഗ്രസ് പ്രവർത്തകർ വിളിച്ചു തുടങ്ങിയ ലീഡർ എന്ന വിശേഷണം മാധ്യമങ്ങൾ ഏറ്റെടുക്കുകയായിരുന്നു. പിന്നീട് എന്നും വിവാദങ്ങളിൽ അഭിരമിച്ചിരുന്ന കരുണാകരൻ അതിലെല്ലാം തിളങ്ങി നിന്നിരുന്നു. ആ ശോഭ നിലനിർത്തി കൊണ്ട് തന്നെയാണ് അന്ത്യംവരെ വാർത്തകളിൽ നിറഞ്ഞുനിന്നിരുന്നത്.

## ഗ്രന്ഥ സൂചിക


### പ്രാഥമിക ഉറവിടങ്ങൾ

### ദിനപത്രങ്ങൾ

* മലയാള മനോരമ, 24, ഡിസംബർ, 2010.
* മാധ്യമം, 23, ഡിസംബർ, 2020.
* മാതൃഭൂമി, 24, ഡിസംബർ, 2010.
* ദേശാഭിമാനി, 24, ഡിസംബർ, 2010.
* മാതൃഭൂമി, 5, ജൂലൈ, 2018.
* കേരള കൗമുദി, 24, ഡിസംബർ, 2010.

### ആത്മകഥ

* കരുണാകരൻ.കെ, പതറാതെ മുന്നോട്ട്, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2007.

### Digital Archieves

* അടിയന്തിര പ്രമേയം, Kerala Legislative Assembly, Library Archives Kerala Legislative Assembly, Thiruvananthapuram, 1998.

* കേരള നിയമസഭ നടപടികൾ, പന്ത്രണ്ടാം കേരള നിയമസഭ, പതിനാറാം സമ്മേളനം, ഔദ്യോഗിക റിപ്പോർട്ട്, കേരള നിയമസഭ സെക്രട്ടറിയേറ്റ്, ലൈബ്രറി അർക്കേവ്സ്, കേരള ലെജിസ്ലേറ്റീവ് അസംബ്ലി, തിരുവനന്ത പുരം, 2010.

* Chief Minister and Leaders of opposition in Kerala, Biographical Sketches and other data, Secretariat of the Kerala Legislature, Thiruvananthapuram, 2006.

### ദ്വിതീയ ഉറവിടങ്ങൾ

* പുളിക്കൽ, ജോർജ്, മലയാളം മുഴക്കിയ മുദ്രാവാക്യങ്ങൾ, തോറ്റ ചരിത്രം കേട്ടിട്ടില്ല, കോട്ടയം, 2017.
* ചാക്കോ.പി.റ്റി, കൊറോണക്കാലത്തെ കുഞ്ഞൂഞ്ഞ് കഥകൾ, കോട്ടയം, 2020.
* മേനോൻ, എ. ശ്രീധര, കേരള രാഷ്ട്രീയ ചരിത്രം 1885–1957, കോട്ടയം,1998.
* ജയശങ്കർ.എ, കാസ്റ്റിങ് മന്ത്രിസഭ, 2015.